

# വൈബ് 25

2024 - 25

# BALIKAMATOM HSS THIRUVALLA



## SCHOOL LIBRARY



## STUDY HALL



# ഉള്ളടക്കം

1. ആശംസ........................................................................................................... 3-4
2. എഡിറ്റോറിയൽ ........................................................................................... 5
3. LK UNIT ACTIVITY.........................................................................................11
4. ആദ്യകാല സാരഥികൾ.......................................................................................18
5. കുട്ടികളുടെ രചനകൾ .......................................................................................19-46
6. GUIDES & RED CROSS MEMBERS ................................................................ 48
7. OUR CAMPUS ................................................................................................ 49
8. കുട്ടി വരകൾ .................................................................................................. 50
9. ROBO FEST ..................................................................................................... 52
10. ANNUAL DAY FUNCTIONS ........................................................................ 53-54

Ph : 0469-2603682

**BALIKAMATOM HIGHER SECONDARY SCHOOL**

Thirumoolapuram P.O., Thiruvalla, Pathanamthitta Dist. Kerala, PIN : 689115

**School Code - 37049**

No. Date......................

From,

Headmistress

ആശംസ

To,

പ്രിയ വിദ്യാർത്ഥി വിദ്യാർത്ഥിനികളെ

വിവര സാങ്കേതിക വിദ്യയുടെ ലോകത്ത കുട്ടികൾക്ക് അടുത്തറിയുവാനും അതിനെ പരിപോഷിപ്പിക്കുവാനും വിദ്യാലയങ്ങളിലൂടെ സാങ്കേതിക ഉപകരണങ്ങളുടെ പ്രയോഗവും നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുവാനും ലക്ഷ്യമാക്കിക്കൊണ്ടുള്ള ലിറ്റിൽ-കൈറ്റ്സിന്റെ മറ്റൊരു നൂതന പ്രവർത്തനമാണ് "വൈബ്സ് 25" വെബ് മാഗസിൻ. കൈറ്റ്സിലൂടെ ഞങ്ങളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ മികവ് മറ്റുള്ളവരിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. കൈറ്റ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന മാതൃകാപരമായ രചനാ പ്രവർത്തനങ്ങൾക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

Shiny David



ഷൈനി ഡേവിഡ്
ഹെഡ്മിസ്ട്രസ്
ബാലികാമഠം എച്ച്.എസ്
തിരുവല്ല

# ആശംസകൾ

പറക്കലാണ് പട്ടത്തിന്റെ ജീവൻ. കാറ്റിന്റെ ചിറകിൽ കളിയാടുമ്പോൾ പുതിയ ഉയരങ്ങൾ, പുതിയ ദൂരങ്ങൾ, കാണാകാഴ്ചകളുടെ മായികലോകങ്ങൾ അതിനു മുന്നിൽ വിസ്മയമൊരുക്കുന്നു. ഈ ഡിജിറ്റൽ കാലഘട്ടത്തിൽ നിർമ്മിത ബുദ്ധിയുടെയും മറ്റും ചിറകിൽ ഇവിടെയിതാ കുഞ്ഞു പട്ടങ്ങൾ അറിവിന്റെ, സർഗാ ത്മകതയുടെ, വിസ്മയങ്ങൾ ചമയ്ക്കുന്നു. ഈ നിറച്ചാർത്തുകൾ നമുക്ക് ആനന്ദവും അത്ഭുതവും സമ്മാനിക്കുമെന്ന് ഉറപ്പ്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ കുഞ്ഞുങ്ങൾക്കും little kites mastersന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. കൂടുതൽ ഉയർന്നു പറക്കാൻ ഇനിയും കുഞ്ഞു പട്ടങ്ങൾ ക്കാവട്ടെ എന്ന് ആശംസിക്കുന്നു



ശ്രീമതി. ജാസ്മിൻ ഏബ്രഹാം



ശ്രീമതി. മറിയാമ്മ സി കെ

## കൈറ്റ് മിസ്ട്രസസ്

# എഡിറ്റോറിയൽ

ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ് ഒന്നരലക്ഷത്തിലധികം വിദ്യാർത്ഥികൾ അംഗങ്ങളായുള്ള ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ.

ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിംഗ്, അനിമേഷൻ, റോബോട്ടിക്സ്, പ്രോഗ്രാമിംഗ്, നിർമ്മിത ബുദ്ധി തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ ഓരോ കുട്ടിക്കും ലഭിക്കും. വിദ്യാർത്ഥികളുടെ വിജ്ഞാന നൈപുണ്യം വർധിപ്പിക്കുന്നതോടൊപ്പം അവരുടെ അഭിരുചി അനുസരിച്ചുള്ള സാങ്കേതിക മേഖലകളിൽ തൊഴിൽ കണ്ടെത്താനും ലിറ്റിൽ കൈറ്റ്സ് പ്രേരകമാകുന്നു. കേരളത്തിലെ വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിൽ ചർച്ചാവിഷയമായ ഈ പദ്ധതിയിൽ ഭാഗമാകാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

"വൈബ് 25" എന്ന ഈ ഡിജിറ്റൽ മാഗസിനിലൂടെ ഞങ്ങളുടെ കൂട്ടുകാർ അവരുടെ സർഗാത്മക കഴിവുകളെ പ്രകടിപ്പിക്കുവാനും ഓജസുറ്റതാക്കാനും ശ്രമിക്കുന്നു.

## എഡിറ്റോറിയൽ ബോർഡ്

അനുരാധ നായർ (ചീഫ് എഡിറ്റർ)
അഭിഗേൽ ബ്ലസൻ (സബ് എഡിറ്റർ)
നിവാൻ അനിൽ ഏബ്രഹാം
റയാൻ ഫിലിപ്പ് ഷാജി



ശ്രീ. കണ്ടത്തിൽ വർഗീസ് മാപ്പിള
**സ്കൂൾ സ്ഥാപകൻ**





**മിസ്. ബ്രൂക്സ് സ്മിത്ത്**

**മിസ്. ഹോംസ്**

# ആദ്യകാല സാരഥികൾ

# ബാലികാമഠം എച്ച് എസ് എസ് തിരുവല്ല

## സ്കൂൾ ലീഡേർസ്



ACHSAH SUSAN JACOB



BILHA JAIN JOJI



AARON J THOMAS
DEPUTY PRIME MINISTER



CHRISTEENA WILSON
SPEAKER

# STATE SASTROLSAVAM 2024-25




## STATE IT FAIR 2024-25



**BHAVYA S PILLAI**
**A GRADE WITH 5TH POSITION (MULTIMEDIA PRESENTATION)**

## WORK EXPERIENCE TEAM (UP & HSS)



# 31-ാം മത് ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ തിളങ്ങി ബാലികാമഠം

31-ാംമത് ബാലശാസ്ത്ര കോൺഗ്രസിന്റെ ദേശീയതല ഗവേഷണ പ്രോജക്ട് അവതരണത്തിന് രണ്ടാം തവണയും ബാലികാമഠം സ്കൂളിന് അവസരം ലഭിച്ചു. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും ഓരോ സംസ്ഥാനത്തിന്റെയും ശാസ്ത്രസാങ്കേതിക വകുപ്പും പരിസ്ഥിതി കൗൺസിലും ചേർന്ന് കുട്ടികൾ ശാസ്ത്രബോധവും പരിസ്ഥിതി സ്നേഹവും വളർത്തുക എന്ന ലക്ഷ്യത്തിലാണ് ബാലശാസ്ത്ര കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്ത് ഇതിന് നേതൃത്വം നൽകുന്നത് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് ആണ്. ആവാസ വ്യവസ്ഥകളുടെ പാരിസ്ഥിതിക സന്തുലനത്തിലും സൂക്ഷ്മ കാലാവസ്ഥയിലും പ്രാദേശിക മരങ്ങൾക്കുള്ള സ്വാധീനം എന്ന വിഷയത്തിൽ ഏഴാം ക്ലാസ് വിദ്യാർത്ഥിനികളായ അഥീന എം വർഗീസും പൂർണിമ രഞ്ജിത്തും ശാസ്ത്ര അധ്യാപിക അൻസു സാറാ മാതൃൂസിന്റെ നേതൃത്വത്തിൽ മൂന്ന് മാസക്കാലം നടത്തിയ ഗവേഷണ പഠനമാണ് ദേശീയ തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

2025 ജനുവരി 3 മുതൽ 7 വരെ ഭോപ്പാലിൽ വെച്ച് നടന്ന ശാസ്ത്ര കോൺഗ്രസിൽ കേരളത്തെ പ്രതിനിധീകരിച്ച് അഥീന എം വർഗീസ് പ്രബന്ധം അവതരിപ്പിച്ചു. 2015 ൽ ചാണ്ടിഗഢിൽ വച്ച് നടന്ന ശാസ്ത്ര കോൺഗ്രസിലും ബാലികാമഠം സ്കൂളിന് അവസരം കിട്ടിയിരുന്നു.

പത്തനംതിട്ട ജില്ലയ്ക്ക് ശാസ്ത്ര കോൺഗ്രസിൽ പങ്കെടുക്കാൻ രണ്ടുതവണയും അവസരം ലഭിച്ചത് ബാലികാമഠം സ്കൂളിൽ നിന്നാണ്. അൻസു ടീച്ചറിന്റെ നേതൃത്വത്തിൽ കഴിഞ്ഞ എട്ടു വർഷമായി തുടർച്ചയായി സംസ്ഥാനതലത്തിൽ ശാസ്ത്ര കോൺഗ്രസിൽ ബാലികാമഠം പങ്കെടുത്തു വരുന്നു.







UP SANGAGANAM
PARTICIPATED IN DISTRICT
KALOLSAVAM 2024-25



**UP DESHABHAKTHI GANAM
SUBJILLA WINNERS**




NATIONAL FULL CONTACT KARATTE OPEN TOURNAMENT

KYOKUSHIN CAMMANDO CUP 2024

RAGHAVARAM RAKESH CLASS VI

2ND POSITION IN 40-45 KG, 10-12 YRS BOYS

## STATE KALOLSAVAM 2024-25
## A GRADE IN GROUP DANCE (HS)



# LK UNIT LAB ACTIVITIES


















# SPORTS TEAM 2024-25



# LITTLE KITES 2022 - 25 BATCH



# LITTLE KITES 2023 - 26 BATCH



# LITTLE KITES 2024 - 27 BATCH



# KARATTE KIDS



## JRC UNIT



# കണ്ണുനീർ

മർത്യ നീ അമ്മയുടെ നെഞ്ചിൽ താണ്ഡവ നിർത്തമാടുന്നു
മാലോകർ അവളെ തച്ചുടച്ചാലും നിശബ്ദം ആ നാരി കേരുന്നു
അവൾ സങ്കടങ്ങൾ കണ്ണീരായി പൊഴിക്കുന്നു
മനുഷ്യ?എന്തിനീ പാതകം
ഭൂമി ദേവിയെ എന്തിനു നീ പ്രഹരിക്കുന്നു
മർദ്ദനം സഹിക്കവയ്യാതെ
കൊടുംകാറ്റായി പ്രളയമായ് ഉഷ്ണമായ് തന്റെ നോവവൾ പൊട്ടിച്ചെറിയുന്നു
അമ്മയെ നോവിക്കല്ല് മക്കളെ
നിനക്ക് ജീവിക്കുവാൻ ഉള്ളതെല്ലാം കരുതി വെച്ചിട്ടുണ്ടവൾ
വരും തലമുറയ്ക്ക് അതു യോഗ്യമാകുവാൻ
ചൂഷണം ചെയ്യരുതേ
ഒരു തൈ എങ്കിലും നട്ടു വളർത്തു ഭൂമിയെ കാക്കുവാൻ
ഒരു പൂമ്പാറ്റയായി പാറി ഉല്ലസിക്കാൻ

**ANITHA (STAFF)**

# ബാല്യം

എന്റെ ബാല്യം എനിക്കോർമ്മ മാത്രം
ആ ഓർമയിൽ ഞാനൊരു പൂമ്പാറ്റയായ്
പൂക്കളെ സ്നേഹിക്കുന്ന കാലം
പുഴകളെ സ്നേഹിക്കുന്ന കാലം
മുള്ളേതെന്നറിയാത്ത കുസൃതിക്കാലം
ബാല്യത്തിൽ നിന്നും വളർന്നുവല്ലോ
കാപട്യ ലോകം എന്നെ വിഴുങ്ങിയല്ലോ
നല്ലത് മാത്രം പറഞ്ഞു തരാൻ നല്ല മാതാപിതാക്കളുണ്ടായിരുന്നു.
തെറ്റുകൾ ചൂണ്ടി കാണിച്ചു തരാൻ നല്ല ഗുരുക്കൻ മാരുണ്ടായിരുന്നു
ഇനിയൊരു തിരിച്ചു പോക്കുണ്ടാകില്ലെങ്കിലും
വെറുതെ ഞാൻ കൊതിക്കുന്നു ആ സുന്ദരമായ ബാല്യത്തിലേക്കു തിരികെ
ചെല്ലുവാൻ..........

...അഥീന എം വർഗീസ് .. VII B...

## ഭൂമിയാകുന്ന നാം

ഭൂമിയുടെ കരിനിലയിൽ
നിന്ന് രൂപം കൊള്ളുന്ന നാം
ഭൂമിയുടെ മണ്ണിൽ
നിന്ന് ഉണർന്ന് വരുന്ന നാം
ഇലകളെപ്പോലെ മരത്തിൽ
പറ്റിനിൽക്കുന്ന നാം
കാലങ്ങളുടെ മാറ്റത്തിൽ
വീണു താഴുന്ന നാം
ക്ഷണത്തെ ശബ്ദമായ
കാലത്തിന്റെ നിശബ്ദതയിൽ
അജ്ഞാതത്തിന്റെ ഇരുൾക്കുള്ളിൽ
ഒരു പ്രകാശകിരണമായ
എങ്കിലും ഈ അതിസുന്ദരമായ
ക്ഷണത്തിൽ നമ്മൾ നിർത്തം ചെയ്യുന്നു
നമ്മൾ പാടുന്നു
നമ്മൾ സ്നേഹിക്കുന്നു
നമ്മൾ ഭൂമിയാകുന്നു

MILKA ROSE MATHEW
IX C

## എന്തൊരു ഭംഗി

ചിത്രശലഭമേ........ ചിത്രശലഭമേ
നീയെൻ മുന്നിലെത്തി ഇല്ലേ
പൂവിൻ ദലങ്ങൾ പോൽ നിന്റെ ചിറകിന്റെ
ഭംഗി ഞാൻ ആസ്വദിച്ചു.
വാർമഴവില്ലിന്റെ ഭംഗിയല്ലോ ആരാണ്
തന്നു തീ
ഭംഗി പൂവിലെ തേൻ നുകർന്നിപ്പോൾ
എൻ മുന്നിലിന്നു നീ വന്നിരിപ്പൂ.
എന്തൊരു ഭംഗി ...............
പൂവിൻ നിറത്തിൽ കണ്ടു.
ഞാനിന്നതിൽ ലയിച്ചിരിപ്പൂ.

ADELA SAMAD.. IX C

## പാളികൾ

മനസിന്റെ നേർചിത്രം പോലെ മേഘങ്ങൾ
ഇടയ്ക്ക് തെളിച്ച് കൊണ്ടിരുന്നു മറയുകയും ചെയ്തു
കൊണ്ടിരുന്നു...........
ഇടയ്ക്കെപ്പോഴോ മേഘ പാളിയിലൊരു
കറുത്ത പക്ഷികൾ വട്ടമിട്ടു പറക്കുകയും ചെയ്തു
ഒരു വേള ചിറകറ്റു നിലം പതിക്കുകയും ചെയ്തു
കൊണ്ടിരുന്നു .......
എന്നിട്ട് ഉയർന്നു പറക്കാൻ കൊതിച്ചതിനാലാവണം
അത് വീണ്ടും കുതിച്ചതും ..........
മഞ്ഞനിറമുള്ള മേഘങ്ങളെ കിഴടക്കി സൂര്യനെ
സ്വന്തമാക്കിയതും....................

RONIYA MARY REJI
IX C

## Gold Fish

Dear readers did you ever heard of a magical story about a Gold fish? If you hadn't heard let me tell you. A girl lived in a small village near a lake. One day she went for fishing with her father. She thought she caught a big fish, but it was a Gold fish! Her father said Lilly that is a Gold fish you are very lucky. Really dad do you think i am lucky? Asked Lilly. I think you are really lucky said her father. Please release me she heared a voice. Who are you? Iam a magical Gold fish if you release me i will give you a gift said the Gold fish. Ok I will release you but will you give me a puppy saidLilly yes I will give you said the Gold fish. Ok here you go Lilly let go of the Gold fish and it fell on the water and she got a puppy. From then Lilly and the Gold Fish became
friends.

**Aaradhya. S**
**Class : VI C**

## അകലെ അകലെ.......

അകലെ ഒരു കുടിലിൽ പിറന്നവൾ ഐശ്വര്യ
ഭാഗ്ഗ്യവതിയായി
നാളുകൾ കഴിഞ്ഞുപോയി
നാളുകൾ കഴിഞ്ഞുപോയി
അച്ഛന്റെ, അമ്മയുടെ
പോന്നുമകളായി വളർന്നവൾ ഭാഗ്യവതിയായി.
കാലങ്ങൾ കഴിഞ്ഞുപോയി......
കാലങ്ങൾ കഴിഞ്ഞുപോയി.......
എവിടെയോ രക്തതീളപ്പിന്റെ ഗന്ധം പകരുന്നു
പോവരുത് കുഞ്ഞേ......
പോവരുത് കുഞ്ഞേ......
മനുഷ്യരുടെ ചതികുഴിയിൽ പോവുന്നു എന്ന് നീ
അറിയുന്നില്ല
അച്ഛൻ, അമ്മയുടെ പരിഭ്രമം കാണുന്നോ കുഞ്ഞേ
നീ......
ഇന്നലയോ, ഇന്നോ കണ്ട മനുഷ്യന്റെ
ചതികുഴിയിൽ വീഴരുത് കുഞ്ഞേ.....
ചിത എരിയുന്ന പോലെ ഒരു വെപ്രാളം
അച്ഛൻ- അമ്മയ്ക്ക് നീ നൽകരുതേ.....

**എയ്ഞ്ചൽ എം കുഞ്ഞുമോൻ - IX C**

മഞ്ഞ്

മഞ്ഞിന്റെ മായാജാലത്തിൽ
മനസ്സ് മായുന്നു
മഞ്ഞിന്റെ മധുര നാദത്തിൽ
മനസ്സ് മുഴുകുന്നു
മഞ്ഞു പെയ്യുമ്പോൾ
മനസ്സ് പറക്കുന്നു
മഞ്ഞു തൊടുമ്പോൾ
മനസ്സ് തണുക്കുന്നു
മഞ്ഞ്.... മഞ്ഞ്.....
മഞ്ഞ്.... മഞ്ഞ്....

**ബിയ അന്ന വർക്കി**
**ക്ലാസ്സ് : IX C**

ഭയപ്പെടുത്തുന്ന രാത്രി

രാത്രി 10 മണി ആയിരുന്നു. ഞാൻ വീട്ടിൽ തനിച്ചായിരുന്നു പെട്ടെന്ന് വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടു. എന്റെ കുടുംബാംഗങ്ങളെല്ലാം അടുത്ത കുടുംബ വിവാഹത്തിൽ പങ്കെടുക്കാൻ പോയതിനാൽ ആ സമയത്ത് ഞാൻ ഒന്ന് പ്രതീക്ഷിച്ചു. പരീക്ഷ കാരണം ഞാൻ വീട്ടിൽ തന്നെ ഇരിക്കേണ്ടതായിരുന്നു വാതിലിൽ ആവർത്തിച്ച് മുട്ടുന്നത് എന്നെ മരണത്തിലേക്ക് ഭയപ്പെടുത്തി. എന്റെ നട്ടെല്ലിൽ ഒരു തണുപ്പ് വീണു. പെട്ടെന്ന് ലൈറ്റുകൾ അണഞ്ഞു, ഇത് എന്റെ ഭയം കൂടുതൽ വഷളാക്കി, അപ്പോൾ ഞാൻ ജനാലയ്ക്ക് പുറത്ത് ചില നിഴലുകൾ കണ്ടു. എന്റെ ഹൃദയമിടിപ്പ് വർദ്ധിച്ചു. ഞാൻ കർട്ടൻ വലിച്ച് പുറത്തേക്ക് നോക്കി, പക്ഷേ നിഴൽ ഒട്ടും വ്യക്തമായില്ല, അത് ഒരു നിഴലല്ല, നാല് അഞ്ച് നിഴലുകൾ. ഞാൻ വാതിൽ തുറന്ന് അടിക്കാനായി ബാറ്റുയർത്തി, പക്ഷേ അമ്മയോടൊപ്പം ഉറങ്ങിയ അന്ന് ഞാൻ കാരണം നേരത്തെ വന്നത് എന്റെ കുടുംബാംഗങ്ങളാണെന്ന് കണ്ട് ഞാൻ ഞെട്ടി. ശരിക്കും ഭയപ്പെടുത്തുന്ന രാത്രിയായിരുന്നു അത്

ശാലറ്റ് ആൻ ജോൺ
ക്ലാസ്സ് : IX C

ഒരു ചെറിയ വിത്ത്

കുന്നുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ഗ്രാമത്തിൽ, എല്ലാവരും ഇഷ്ടപ്പെടുന്ന മനോഹരമായ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു, പക്ഷേ അതിന്റെ ഒരു കോണിൽ ശൂന്യമായിരുന്നു. ഒരു ദിവസം, പ്രകൃതിയെ സ്നേഹിക്കുന്ന ലിയ എന്ന പെൺകുട്ടി പൂന്തോട്ടത്തിലേക്ക് നടന്നു. ശൂന്യമായ മണ്ണ് കണ്ട അവൾ അവളുടെ കൈയ്യിൽ ഇരുന്ന ഒരു ചെറിയ വിത്ത് നടാൻ തീരുമാനിച്ചു. അവൾ വിത്തിനോട് മന്ത്രിച്ചു, "ചെറിയ വിത്ത്, വളരൂ."

ദിവസങ്ങൾ കടന്നുപോയി, ലിയ വിത്ത് നനയ്ക്കുകയും പരിപാലിക്കുകയും ചെയ്തു. ഒരു വിത്ത് കൊണ്ട് എന്ത് പ്രയോജനം എന്ന് പറഞ്ഞ് ഗ്രാമവാസികൾ അവളെ നോക്കി ചിരിച്ചു.

ആഴ്ചകൾക്ക് ശേഷം, ലിയ അതിശയകരമായ ഒരു കാര്യം കണ്ടു. നിലത്തു നിന്ന് ഒരു ചെറിയ മുള പ്രത്യക്ഷപ്പെട്ടു. കാലക്രമേണ, അത് കൂടുതൽ ശക്തവും മനോഹരവുമായി വളർന്നു. ഒരുകാലത്ത് ലിയയെ നോക്കി ചിരിച്ചിരുന്ന ഗ്രാമവാസികൾ ഇപ്പോൾ ചെടിയെ അഭിനന്ദിക്കാൻ ചുറ്റും കൂടി. അതിന്റെ ഭംഗിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അവർ പൂന്തോട്ടത്തിൽ സ്വന്തമായി വിത്ത് പാകാൻ തുടങ്ങി.

**Sera Mary Santhosh**
**IX B**

## വിനോദയാത്ര

ഞാനും എന്റെ കുടുംബവും സ്കൂൾ വെക്കേഷന് ഒരു ട്രിപ്പ് പോകാൻ തീരുമാനിച്ചു. അങ്ങനെ ഞങ്ങൾ ഊട്ടിയിൽ പോകാൻ ഉറപ്പിച്ചു. അച്ഛൻ തമിഴ്നാട്ടിലാണ് ജോലി ചെയ്യുന്നത്. അതു കൊണ്ട് ഞങ്ങൾ അവിടുന്ന് പോയി. കോയമ്പത്തൂരിൽ നിന്ന് ബസിന് ഉടകപ്പെട്ടയിൽ ചെന്നു. രണ്ടു മണിക്കൂർ യാത്രയായിരുന്നു. അവിടെ നിന്ന് കാറിന് പോകുമ്പോൾ നല്ല തണുത്ത കാറ്റ് അടിക്കുന്നു പിന്നെ വഴിയിൽ എല്ലാം കുരങ്ങന്മാരുടെ സംഘം. വഴിയാത്രക്കാർ അതിന് ഐസ്ക്രീം കൊടുക്കുന്നത് കാണാമായിരുന്നു. അങ്ങനെ ഞങ്ങൾ ബോട്ടാനിക്കൽ ഗാർഡനിൽ ചെന്നു. അവിടെയെല്ലാം പൂക്കൾ കൊണ്ട് അലങ്കരിച്ച് കിടക്കുന്ന ഗാർഡൻ. പലതരം പച്ചതൈകൾ, പൂക്കൾ, പല വെറൈറ്റി കളക്ഷൻ കാണാമായിരുന്നു. ഞങ്ങൾ എല്ലാം കണ്ടു നടന്ന് പിന്നെ അവിടെ നിന്ന് ഒരു സെൽഫി എടുത്തു. അവിടെ നിന്നും ഞങ്ങൾ ബോട്ടിങ്ങിനു പോയി അവിടം കണ്ടപ്പോൾ തന്നെ നല്ല രസമായിരുന്നു നല്ല തണുപ്പിലൂടെ ഞങ്ങൾ ബോട്ടിങ്ങ് ചെയ്തു അവിടെ നിന്ന് ഭക്ഷണം കഴിച്ചിട്ട് ഇറങ്ങി. ഊട്ടി കൂടുതലായും മലകളുടെ കുറെ നിരകൾ കാണാം നല്ല മനോഹരമായ ഒരു യാത്രയായിരുന്നു. പകക്ഷേ അതെല്ലാം അടുത്ത അവധിക്ക് കാണാം എന്ന് തിരുമാനിച്ച് സന്തോഷത്തോടെ ഞങ്ങൾ മടങ്ങി..

Ananya Grace Rajan
Class : 9B

## എന്റെ പൂന്തോട്ടം

എത്ര മനോഹരം എന്റെ പൂന്തോട്ടം
എത്ര വർണ്ണ പൂക്കൾ എന്റെ പൂന്തോട്ടത്തിൽ
എന്ത് നല്ല സുഗന്ധം എന്റെ പൂന്തോട്ടമേ
എത്രയെത്ര ശലഭങ്ങൾ എന്റെ പൂന്തോട്ടത്തിൽ
എത്രയെത്ര പറവകൾ എന്റെ പൂന്തോട്ടത്തിൽ
എത്രയെത്ര വിരുന്നുകാർ എന്റെ പൂന്തോട്ടത്തിൽ
എത്രയെത്ര തേനീച്ചകൾ എന്റെ പൂന്തോട്ടത്തിൽ
എത്രയെത്ര വണ്ടുകൾ എന്റെ പൂന്തോട്ടത്തിൽ
എത്ര സന്തോഷമാ എനിക്ക് നീ നൽകുന്നത്
വാടാതെ നിൽക്കുക എന്റെ പൂന്തോട്ടമേ.....

**Mohammed Asif N**
**Class :VIII C**

## ശുചിത്വം

ശീലങ്ങൾ മാറുന്നു
രോഗങ്ങൾ കൂടുന്നു
മനുഷ്യരെല്ലാരും
നെട്ടോട്ടമോടുന്നു
പുത്തൻമരുന്നുകൾ
മാർക്കറ്റിലെത്തുന്നു
പുത്തനസുഖങ്ങൾ
താണ്ഡവമാടുന്നു
ഭൂമിയെമാറ്റിമറിച്ച മനുഷ്യൻ
കൊതുകിനെ പേടിച്ച്
നിലവിളിച്ചാടുന്നു
പരിസരം സൂക്ഷിക്കു
വ്യായാമം ശീലിക്കു
ശീലങ്ങൾ പാലിക്കു
രോഗങ്ങൾ മാറട്ടെ

ദിയ സൂസ്സൻ സിബു
ക്ലാസ്സ് : IX B

## പുതുവർഷം

പുതുവർഷത്തിന്റെ പൂമുഖ വാതിൽ പുതിയ കാറ്റും
വെളിച്ചവും സൂര്യനും
പുതിയ വർണ്ണങ്ങൾ പൂവുകൾ കാലമേ, നിറയെ
നന്മകൾ പൂക്കട്ടെ ചുറ്റിനും ലോകമെങ്ങും
തളിർക്കട്ടെ
കരുണയിൽ സ്നേഹമെന്ന് പൂക്കാലവും പുത്തനാം
വർഷമേ വരിക ഞങ്ങളിൽ വർഷിക്ക പുതിയ
സ്വപ്നങ്ങൾ പുത്തൻ പ്രതീക്ഷകൾ..........

ഉത്തര സുധീഷ്
ക്ലാസ്സ് : VIII C

## പുഞ്ചിരി പുസ്തകം

സിമാൻ തന്റെ കൈയിലുള്ള പുഞ്ചിരി പുസ്തകം നോക്കി കൊണ്ട് അടുത്തുള്ള മേശ പുറത്ത് വെച്ച ശേഷം  അരികിലെ ജനാലയിൽ നിന്നും നഗരത്തെ നോക്കുന്നു .  അയാൾക്കെപ്പോഴും പ്രഭാത കിരണങ്ങൾ കൊണ്ട് നിറഞ്ഞ അനന്തപദ്മനാഭന്റെ  ഭൂമി കാണുന്നത് ഒരു ആവേശമാണ് .

ഈ നഗരം അയാൾക്കെന്നും പ്രിയപ്പെട്ടതായിരുന്നു.   ആത്മവിശ്വസം വർധിപ്പിക്കുന്ന തന്റെ മായ നഗരം .

കണ്ടു കൊണ്ടിരുന്ന നഗര കാഴ്ച്ച  ഒരു നിമിഷം അയാളിൽ നിന്നും മറഞ്ഞു .അതെ അവളെ പോലെ

തന്നെ ഉണ്ട് , പക്ഷെ അവളാകില്ല .

ഞാനും ഈ ലോകവും അവളെ പിരിഞ്ഞിട്ടു 8 വർഷകാലം പിന്നിട്ടു .

ഒരു അപ്സരസ് ആയിരുന്നു അവൾ എനിക്ക് .

നല്ല ക്ഷമയുള്ള ഡോക്ടർ കൂടി ആയിരുന്നു ഹന്ന .

സിമൻ തിരിഞ്ഞു കണ്ണാടിയിൽ തന്റെ പകുതി പൊള്ളൽ ഏറ്റ മുഖം നോക്കി , എല്ലാത്തിനും ഉപരി ഈ വൃത്തികേടായ മുഖം അവൾ ഇഷ്ടപെട്ടിരുന്നു .

വീണ്ടും മേശപ്പുറത്തു നിന്നും പുഞ്ചിരി പുസ്തകം അയാൾ കയ്യിലെടുത്തു കൊണ്ട് ഓർമിച്ചു ആ പുസ്തകം ഹന്നയിൽ  നിന്നും കിട്ടിയ നിമിഷത്തെ.....

**Shalumol Rajesh**
**STD : 9B**

## A Ring

A ring, not just a circle tight
But an endless path , a quiet flight
A whispered vow in silver's gleam.
A story bound in gleams and dreams

A circle of gold , a symbol true
A promise made , a love shines through
A diamond's sparkle , a heart's desire,
A ring that binds , a love that aspires.

No starts , no end just a silent trace ,
A loop that holds both time and space.
It speaks of love , but not of worlds,
In polished arcs , a truth inferred.

The ring remains , a testament to grace
A silent guardian,in this fleeting space
A reminder  stark, of love's enduring hold,
A story whispered, in metal, brave and bold.

**ANGEL ANNA TIJU**
**9B**

## ഗുരുവിന് നന്ദി

ഗുരു നീ എന്നെ പഠിപ്പിച്ച പാഠങ്ങൾ,
എന്തായാലും ഞാൻ മറക്കില്ല.
നിന്റെ വാക്കുകൾ എന്റെ ഹൃദയത്തിൽ,
പുതിയ ലോകം തുറക്കുന്ന വെളിച്ചമായി.

നിന്റെ കണ്ണിൽ സ്നേഹത്തിന്റെ കനിവ്,
നിന്റെ വാക്കുകളിൽ വിശ്വാസന്യമായ മാർഗം.
കഠിനമായ ദൂരം ഞാൻ കടന്നപ്പോൾ,
നിന്റെ ചിരി എനിക്ക് ഒരു പ്രേമപാത.

നിന്റെ പാഠങ്ങൾ മനസ്സിൽ വച്ചു,
ജീവിതത്തിന്റെ വഴിയിലേക്ക് ഞാൻ പോകുന്നു.
നിനച്ചുപോയാൽ നിന്റെ അനുഭവങ്ങൾ,
എന്നെ മുന്നോട്ടു നയിക്കും.

അറിവിന്റെ വഴി എളുപ്പമാകും,
നിന്റെ സ്നേഹത്തിലേക് ഞാൻ പോകുന്നു.
ഗുരു നീ തന്നെ സ്നേഹം,
എന്നെ ജീവിതം അറിയിക്കാൻ സഹായിച്ചു.

...............Nevan Anil Abraham 9C

## മധുരം മലയാളം

എൻമൊഴി മലയാളം
നിൻമൊഴി മലയാളം
നമ്മുടെ മൊഴിയും മലയാളം
മധുരം മലയാളം
അതിമധുരം മലയാളം
ശ്രുതിമധുരം മലയാളം
പിഞ്ചു കുഞ്ഞിനമ്മയേകി
പാൽമണമൂറും മലയാളം
അമ്മ മലയാളം

AJIN SUBASH -8C

## प्रकृति का सौदर्य

फूलों की मुस्काना है
नदियों की गाना है
पंछियों का गाता है गीत
धरती का सम्मान है दाना
हरियाली का प्यार लो
प्रकृति का सत्कार लो
जीवन का आधार यहीं
सब मिलकर उपहार लो।

विश्वास वर्गीस
कक्षा - V1 C

# തിരയുടെ തിരകഥ

ആഴിയിൽ നിന്നും ചുവന്ന സൂര്യൻ തലപൊക്കി ഉദിച്ചു വന്നു തിരമാലകളുടെ ശക്തി കൂടി. എന്നും തിരമാലകളുടെ ശബ്ദം കേട്ടുണരുന്ന അമ്മു, അന്ന് തന്റെ അമ്മയുടെ കരച്ചിൽ കേട്ടാണ് ഉണർന്നത്. അവൾ കുഞ്ഞ് കണ്ണുകൾ ചിമ്മി തുറന്നു കൊണ്ട് അമ്മയുടെ അടുത്തെത്തി. വീടിനു മുൻപിൽ നിറയെ ആളുകൾ അവൾക്കൊന്നും മനസ്സിലായില്ല, അവളെ കണ്ടതും അവളുടെ അമ്മ പൊട്ടിക്കരഞ്ഞു. എന്തുചെയ്യണമെന്നറിയാതെ അവൾ കൂട്ടുകാരിയായ അച്ചുവിനോട് അന്വേഷിച്ചു.

അച്ചു: അമ്മു നീ അറിഞ്ഞില്ലേ നിന്റെ അച്ഛൻ പോയ ബോട്ട് കരയ്ക്ക് വന്നു പക്ഷേ നിന്റെ അച്ഛൻ വന്നില്ല. നിന്റെ അച്ഛൻ തിരിച്ചു വരില്ല എന്നാണ്എല്ലാവരും പറയുന്നത്.

അമ്മു: ആര് പറഞ്ഞു അച്ഛൻ ഉറപ്പായിട്ടും തിരിച്ചു വരും, എനിക്ക് സമ്മാനം കൊണ്ടുവരുമെന്ന് . പറഞ്ഞതാ.

അച്ചു:എനിക്കറിയില്ല! പക്ഷേ എല്ലാവരും പറയുന്നു നിന്റെ അച്ഛൻ തിരിച്ചു വരില്ല എന്ന്.

പക്ഷേ അമ്മു അത് വിശ്വസിച്ചില്ല. ഒരു നിമിഷം അവൾ പതറി .

കരയുന്ന തന്റെ അമ്മയെ ആശ്വസിപ്പിക്കണോ അതോ അച്ഛനെ അന്വേഷിക്കണോ? അവൾ അച്ഛനെ കണ്ടെത്താൻ തീരുമാനിച്ചു . കുഞ്ഞു മനസ്സിന്റെ നൊമ്പരങ്ങൾ എല്ലാം തിരമാലകളോട് ചോദിച്ചറിയാൻ തീരുമാനിച്ചു. അവൾ കടൽപ്പുറത്തെക്കോടി. നിശബ്ദം! തിരമാലകളുടെ ശബ്ദം ഒഴിച്ച്. അവളുടെ അമ്മയുടെ കരച്ചിലും അച്ചുവിന്റെ വാക്കുകളും അവളുടെ ഹൃദയത്തെ വല്ലാതെ അലട്ടി. അവളുടെ മനസ്സിലെ ചിന്തകൾ കണ്ണീരായി പുറത്തുവന്നു.എന്തിനാണ് ഞാൻ കരയുന്നത്? എല്ലാരും എന്താണ് പറയുന്നത് ? അച്ഛൻ തിരിച്ചു വരില്ലേ ? അപ്പോൾ ആര് മോൾക്ക് കഥ പറഞ്ഞു തരും? ആര് തോളത്തിരുത്തും ? എനിക്കിനി സമ്മാനങ്ങൾ ആരും വാങ്ങി തരും ? ചിന്തകളുടെ ഉൾക്കടലിൽ നിന്നും അവൾ കടലിനു മുന്നിലെത്തി. അവളുടെ മുഖം കണ്ട് തിരമാലകൾ അവളുടെ കാൽ വിരലുകളിൽ തൊട്ടു. അവൾ കോപത്തിന്റെയും വെറുപ്പിന്റെയും മിശ്രിതമായ ശബ്ദം വെച്ചു കൊണ്ട് പിറകിലേക്ക് മാറി.പക്ഷേ തിരകൾ വിട്ടില്ല,വീണ്ടും അവളുടെ അടുക്കലേക്ക് ചെന്നു. കുട്ടിക്കാലം തൊട്ട് കണ്ടും കളിച്ചും വളർന്ന തിരകളോട് ദേഷ്യം പിടിച്ചു വെക്കാൻ അവൾക്ക് ആയില്ല. അവളുടെ ചിന്തകളിലെ തിരമാലകൾ അടിച്ചു കൊണ്ടേയിരുന്നു. അവൾ തിരമാലകളോട് ചോദിച്ചു,'അച്ഛൻ ഇനിയും തിരിച്ചുവരില്ലേ'?

തിരമാല: അതെന്താ നീ അങ്ങനെ ചോദിച്ചത് ?

അമ്മു: ഇല്ലാരും പറഞ്ഞു അച്ഛൻ ഇനി തിരിച്ചു വരില്ലാന്ന്.

തിരമാല: അവർ നിന്നെ പറ്റിച്ചത. നിന്റെ അച്ഛൻ തിരിച്ചു വരും.

അമ്മു: എന്നെ പറ്റിക്കണ്ട ! തിരമാല: ഇല്ല പറ്റിക്കില്ല. ഞാൻ നിനക്കൊരു കഥ പറഞ്ഞു തരാം.

അമ്മു :എനിക്ക് കഥ വേണ്ട അച്ഛനെ കണ്ടാൽ മതി.

തിരമാല: ഈ കഥ കേട്ടാൽ നിനക്ക് ഞാൻ അച്ഛനെ കാണിച്ചു തരാം.

അമ്മു: ശരി.പറ്റിക്കരുത്. അച്ഛനെ കാണിച്ചു തരണം.

തിരമാല: ഉറപ്പായിട്ടും.

അപ്പോൾ അവളുടെ മുഖത്ത് പ്രകാശം ഉദിച്ചു. തിരമാല കഥ പറയാൻ തുടങ്ങി

അച്ഛനെ കാണാനുള്ള ആഗ്രഹത്തിൽ അവളത് കേട്ടിരുന്നു.

തിരമാല കഥ പറയാൻ തുടങ്ങി, കുഞ്ഞ് ഞണ്ടിന്റെ കഥ. താൽപര്യമില്ലാത്ത മനസ്സുമായി അവൾ കഥ കേൾക്കാൻ തുടങ്ങി.

തിരമാല: ഇവിടെ ഒരു കുഞ്ഞ് ഞണ്ട് ഉണ്ടായിരുന്നു.ഒരു ദിവസം അവൻ മാളത്തിൽ നിന്ന് പുറത്തു വന്നു. അപ്പോൾ ഒരു വലിയ കൊക്ക് അവനെ കൊത്തിയെടുക്കാൻ തുടങ്ങി അവനെ കൊക്കിൽ നിന്ന് രക്ഷിച്ചത് ഒരു പെൺകുട്ടിയാണ്,. അപ്പോൾ അ കുഞ്ഞ് ഞണ്ട് എന്നോട് പറഞ്ഞു ഇതു പോലെയുള്ള നല്ല വരെ നീയെന്നും സന്തോഷിപ്പിക്കണ മെന്നും, സഹായിക്കണമെന്നും, അന്നു മുതൽ ഞാൻ എല്ലാവരെയും എന്റെ തിരകൾ കൊണ്ട് തഴുകാൻ ആരംഭിച്ചു. ഇത്രയും പറഞ്ഞ് തിരമാല കഥ നിർത്തി.

അമ്മു:ഞാൻ നി പറഞ്ഞ കഥ കേട്ടില്ലെ ഇനി അച്ഛനെവിടെ ? അവളുടെ ചോദ്യത്തിനുത്തരം നൽകാതെ തിരമാല തിരിച്ചു കടലിലേക്ക് പോയി അവളോടൊന്നും മിണ്ടാതെ. അവളുടെ മുഖത്തെ പ്രകാശം മങ്ങി.അവൾക്ക് മനസ്സിലായി അവളുടെ അച്ഛൻ ഇനി തിരിച്ചു വരില്ലാന്ന്.അവൾ മനസ്സിലെ ആഴിയിലെ ചിന്തകളിലേക്ക് വഴുതി വീണു. അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ കവിളുകളിലേക്ക് ഒഴുകി. അവളുടെ കണ്ണിൽ നിന്ന് മണ്ണിലേക്ക് വീഴുന്ന കണ്ണുനീർ തിരമാലകൾ ഒപ്പിക്കൊണ്ടിരുന്നു. ഒന്നുറക്കെ കരയാൻ പോലുമാകാതെ തളർന്നവൾ സ്വപ്നങ്ങളെല്ലാം അവിടെ ഉപേക്ഷിച്ച് തിരിഞ്ഞു നടന്നു. അവൾ ഓരോ അടി വെക്കുമ്പോഴും തിരമാലകൾ അവളെ തിരിച്ചു വിളിച്ചു പക്ഷെ അവൾകേട്ടില്ല. അപ്രതീക്ഷിതമായി പിന്നിൽ നിന്നാരോ ' അമ്മുമോളേ' എന്നവളെ വിളിച്ചു, അവൾ ഞെട്ടിത്തിരിഞ്ഞു അവൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല അവൾ കാണുന്നത് സത്യമാണോന്ന്. അവളുടെ അച്ഛൻ മറ്റൊരു ബോട്ടിൽ കടലിൽ നിന്ന് വരുന്നു. അവളുടെ കണ്ണിൽ നക്ഷത്രം മിന്നി. പുഞ്ചിരി വിടർന്നു. നൊമ്പരത്തിന്റെ കണ്ണീരിന് പകരം രണ്ടാം ജീവിതത്തിലെ സന്തോഷത്തിന്റെ കണ്ണീർ അവളുടെ കവിളിലൂടെ ഒഴുകി. അച്ഛൻ ബോട്ടിൽ നിന്നിറങ്ങി കരയിലേക്കോടി വന്നു, അവൾ അച്ഛന്റെ അടുത്തേക്കും ഓടി ചെന്നു. അച്ഛൻ അവളെ വാരിയെടുത്ത് ഉമ്മ വെച്ചു. ഇരവരുടെയും മുഖത്തെ സന്തോഷം വൈര്യത്തെക്കാൾ തിളക്കമുള്ളതായിരുന്നു. അവരുടെ സന്തോഷത്തിനു മുന്നിൽ തിരമാലകൾ പോലും നിഷ്ചലമായി കണ്ടു നിന്നു.

**അവന്തിക പ്രതീഷ് 7 സി**

## 2018ലെ പ്രളയം

ഈ കഥ ഒരു സത്യമായ കഥയാണ്. എന്റെ ജീവിതത്തിൽ മാത്രമല്ല ഓരോ കേരളീയരും അനുഭവിച്ച കഥയാണ്. 2018ലെ മഹാദുരന്തം ആണിത്. ഒരു മലയാളിക്ക് പോലും ഈ ദുരന്തത്തെ മറക്കാൻ കഴിയില്ല. ഓരോ വെള്ളപ്പൊക്കം വരുമ്പോഴും മലയാളികൾക്ക് മനസ്സിൽ വിഭ്രാന്തി ഉണ്ടാവുന്നു. ഒരു ദിവസം പുലർച്ചെ എന്നെ എന്റെ അപ്പച്ചനും അമ്മച്ചിയും വെപ്രാളത്തോടെ വിളിച്ച് എഴുന്നേൽപ്പിച്ചു. പക്ഷേ എനിക്കൊന്നും മനസ്സിലായില്ല. അതുകൊണ്ട് എന്നെ അവർ രണ്ടുപേരും വീടിന്റെ വെളിയിൽ കൊണ്ടുപോയി കാണിച്ചു. ആ കാഴ്ച എന്നെ വളരെയധികം ഞെട്ടിപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു. എന്നിട്ട് എനിക്ക് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. ഒരു നിസ്സഹായമായ

അവസ്ഥയായിരുന്നു. ഞാൻ പെട്ടെന്ന് ഫോൺ എടുത്തു പപ്പയെ വിളിച്ച് വിവരം അറിയിച്ചു. പക്ഷേ പപ്പ വേറെ സ്ഥലത്തായിരുന്നു. എന്റെ ഫോൺവിളിയിൽ ആ കഠിനമായ ഒഴുക്കിൽ പപ്പ ഒരു സുഹൃത്തിനെ കൂട്ടി വീട്ടിൽ വന്നു. എന്നിട്ട് പപ്പായും സുഹൃത്തും ഫ്രിഡ്ജ് സ്റ്റൗവും ഒക്കെ മുകളിലത്തെ നിലയിലേക്ക് ഭദ്രമായി എത്തിച്ചു. പിന്നെ പപ്പ എന്നെയും കൊണ്ട് അപ്പച്ചന്റെ അമ്മച്ചിയുടെ അടുത്ത് യാത്ര പറഞ്ഞു ഇറങ്ങി. എന്റെ കഴുത്തൊറ്റം വരെ വെള്ളമുള്ളതുകൊണ്ട് പപ്പ തോളിലേറ്റി. കുത്തൊഴുക്കുള്ള വെള്ളത്തിലൂടെ ഞങ്ങൾ നടന്നു. ആ യാത്ര ഒരു ജീവൻ മരണ യാത്ര തന്നെയായിരുന്നു. മരണം മുഖാമുഖം കണ്ടിട്ടും പകയ്ക്കാതെ ഞങ്ങൾ മുൻപോട്ട് നീങ്ങി. അങ്ങനെ ഞങ്ങൾ മറുകര എത്തി. ആ ദിനം ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്നു. ഇപ്പോൾ ആ പ്രളയം കഴിഞ്ഞിട്ട് ഏഴുവർഷം പിന്നിട്ടു. ഏതു കേരളീയർക്കും മറക്കാൻ കഴിയാത്ത ഒരു പ്രതിസന്ധിയായിരുന്ന 2018ലെ പ്രളയം. ഒത്തിരി ആളുകളുടെ മരണത്തിന് വരെ കാരണമായി. അതുപോലെതന്നെ പക്ഷി മൃഗാദികൾ കാലയുഗനങ്ങൾക്കുള്ളിൽ മൺമറഞ്ഞു പോയി. ജാതിമത വർണ്ണവിവേചനവും ഇല്ലാതെ എല്ലാവരും ഒറ്റക്കെട്ടായി പ്രളയത്തെ ഒരുമയോടെ നേരിട്ടു. ഇതിലൂടെ മനുഷ്യന്മാർ നല്ലൊരു പാഠം തന്നെ പഠിച്ചു.

By:- Eleeha Mariam Dennies
Class:- 9C

# ക്രിസ്തുമസ് 2024

ഡിസംബർ 20-ാം തീയതി ബാലികാമഠം എച്ച് . എസ് . എസ് സ്കൂളിൽ നടന്ന 2024 - 25 അദ്ധ്യയന വർഷത്തെ ക്രിസ്തുമസ് പരിപാടിയെ കുറിച്ചുള്ള റിപ്പോർട്ടാണിത് .

ഏകദേശം ഒരു മണിയോടെയാണ് ഈ വർഷത്തെ സ്കൂളിലെ ക്രിസ്തുമസ് പരിപാടി ആരംഭിച്ചത്. സ്കൂൾ കൊയർ പാടിയ പ്രാർത്ഥന ഗാനത്തോടുകൂടിയാണ് പരിപാടി തുടങ്ങിയത്. അത് കഴിഞ്ഞ് ഹന്ന മേരി എബി അവതരിപ്പിച്ച ബൈബിൾ വായനയായിരുന്നു . ശേഷം സ്കൂൾ ലീഡർ അക്സ സൂസൻ ജേക്കബ് അവതരിപ്പിച്ച സ്വാഗത പ്രസംഗമായിരുന്നു . അതിനുശേഷം സ്കൂൾ മാനേജർ ആയ അഡ്വ . പ്രദീപ് മാമ്മൻ മാത്യു സാർ നൽകിയ മുഖ്യപ്രഭാഷണമായിരുന്നു . ജി ബി സെക്രട്ടറിയായ ശ്രീ. എ. ഐ വർഗീസ് സാറിന്റെയും , ജി ബി അംഗമായ ശ്രീ. കെ . എം ചെറിയാൻ സാറിന്റെയും , സ്കൂൾ എച്ച് എം ആയ ശ്രീമതി. ഷൈനി ഡേവിഡ് കൊച്ചമ്മയും നൽകിയ ഫെലിസിറ്റേഷൻ ആയിരുന്നു . ഇതിനെല്ലാം ശേഷം കുട്ടികൾ അവതരിപ്പിച്ച വിവിധ തരം കലാപരിപാടികളാണ് .



104 കുട്ടികൾ പങ്കെടുത്ത കരോൾ ഗാനം , 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികൾ അവതരിപ്പിച്ച ഡാൻസ് പെർഫോമൻസ്, സ്കിറ്റ് , കൂടാതെ അദ്ധ്യാപികമാരുടെ മനോഹരമായ ഗാനവും ഡാൻസും, കലാപരിപാടികളുടെ അവസാനത്തെ പരിപാടി സാന്താക്ലോസിൻ്റെ വരവാണ. സാന്താക്ലോസ് വരുകയും കുട്ടികളോട് സംസാരിക്കുകയും , കുട്ടികൾക്കും അദ്ധ്യാപകർക്കും ഒപ്പം നിന്ന് ഫോട്ടോ എടുക്കുകയും ചെയ്തു . ഇതെല്ലാം കഴിഞ്ഞ് സ്കൂൾ ലീഡർ ബിൽഹ ജെയിൻ ജോജി നൽകിയ വോട്ട് ഓഫ് താങ്ക്സ് ആയിരുന്നു . ദേശീയഗാനത്തോടുകൂടി പരിപാടി അവസാനിപ്പിച്ചു .

നിരഞ്ജന ആനന്ദ്
ക്ലാസ്സ് : 9C

# ABOUT WAYAND

A family trip to WAYANAD is an unforgettable experience, blending adventure with the serene beauty of nature. located in the western Ghats of Kerala, WAYANAD offers a perfect getaway with its lush green landscape, cool climate and abundant wild life. The moment you arrive, you're greeted by mist-covered hills, cascading tea waterfalls, and sprawling tea plantation.



The natural beauty of WAYANAD is truly remarkable. From the picturesque Edakkal caves, with their ancient petroglyphs, to the tranquil waters of POOKODE Lake, there's something for everyone. The serene atmosphere at the wayanad wildlife sanctuary, where you can spot elephant, tigers, and a variety of birds,adds a sense of excitement to the trip. Trekking through the dense forests of the western Ghats, especially to the top of chembra peak , offers breathtaking panoramic views of the surrounding valleys, making it a perfect spot for family bonding and creating lasting memories.

The climate in wayanad is One of its most appealing features . The cool, pleasant weather throughout the year provides a refreshing break from the heat of the plains . During the monsoon season, the most and rain make the landscape even more magical, while the winter months are perfect for outdoor activities. The comfortable temparature and the fresh, clean air make wayanad an ideal destination for relaxation and rejuvenation.



In conclusion, a family trip to wayanad offers a harmonious blend of nature's beauty, adventure, and relaxation. The serene landscape diverse wildlife, and the refreshing climate create an experience that is both memorable and enriching. Wheather you are exploring the hills, walking through forests ,or simply enjoying the cool weather, wayanad destination for families seeking peaceful retreat

KRISHNAVENI K
Class: IX C

# THE UNIQUE POWER OF LOVE

**By Nathanael Binu Varghese**

Once there lived a young Banyan tree on a river bank. It was very sad and unhappy because its neighbouring trees hated its appearance - very big leaves, roots all over etc.. etc!!!

It prayed to God for magic power to make others "think well of" it because all the other trees around "had" that magic. It was the only one without any magic!!

It prayed and prayed but got no answer from God. All the other trees teased it continuously by telling...

"You're too young, you're too weak;
You've no magic, you're so tragic;
you're so hairy and so scary;
so freaky with your roots in the air!!!
Ha,Ha,Haa...
Why don't you ask God to turn you into something else - a rat or hen or pig etc.? Ha,Ha,Haa.."

The banyan was heartbroken when it heard others teasing it and cried to the Lord, "Almighty God, Why am I suffering all this? Others are teasing me by telling that I'm young and weak and have no magic. Nobody likes me.. but the other trees have awesome magic. Everyone loves their looks, fruits, leaves.. all magically drawing people to them. I have nothing but ugly roots and stupid big leaves... Why? Why Lord, why did you create me in this way?"

One day as it cried miserably, a fire ball from heaven appeared in front of the Banyan tree, and from it, a thundering sound came and it said, "Do not fear, O little banyan!! I'm the Lord God Almighty. I have heard your prayers and I've already given you what you were asking for.. You don't need any "Magic", for what you're made of is greater than that.. a unique power. Find it by yourself!!"
Then the fire ball disappeared into the heavens. The tree silently thought for a while..

After some time, an old man passed through that way. He was very tired and extremely hungry. He was happy he came to this beautiful patch of land with lots of trees.

He went to the Mango tree and asked, "Oh Mango tree, I'm hungry and tired. Can you please give me some mangoes to eat and your shelter to rest?"
"Sorry old man, I'm too busy. Can't you see the birds are waiting for the mangoes, so I can't give you a single mango?" the Mango tree replied arrogantly.
The old man became really sad when he heard the reply. He went to all the other trees and begged each of them in turn to give him shelter and food, but none of them paid any attention to him!!

Finally, so depressed, the old man came to the Banyan tree and said, "Oh Banyan tree, you are my last hope. I'm too tired to walk, and too hungry that I can't see!! Can't you give food and shade to me? Otherwise I will die because of my weak heart..."

"Oh sir, I can feel your hunger and tiredness;

Please eat my fruit- it is small but you can eat as much as you want..

Please use my leaves - it is big but you can store as much as you want..

Please breathe my air - it is fresh but inhale as much as you want..

Please use my roots for support - they are many but it is strong..

Please sit at my feet - it is huge but you can take rest as long as you want..

That's all I can give you." the banyan tree responded.

The old man willingly plucked two-three leaves, picked some fruits and placed them on the leaves and with the support of the roots, sat down, ate the fruits and took rest under the tree for a rather long time. The banyan tree swayed in the wind fanning its guest in its shade till he was feeling okay.

"Banyan tree, you were my last hope. All the other trees were selfish. They just showed that they were good and kind and have magic.. but actually, magic is not in appearances but it is in the heart. The magic inside the heart works when the unique power of unselfish love gets activated. Thank You Banyan tree for your magical power of unselfish love that healed me and restored me!!" the old man said in a delightful voice.

The banyan tree proudly shook its branches and thanked the Lord for now it understood that if the heart is caring and loving then only the powerful magic will work, otherwise it is useless!!

"Age is not a problem, if you are young or old, God only sees the heart." the old man continued with a smile on his face. He stroked the tree with love, blessed it and left for his home refreshed promising to return with his family again.

From that day, the banyan tree became famous because many people came to enjoy its shade - to rest, to play and to eat under it. The other trees accepted their mistakes and shared their fruits with all of them making the river bank a truly magical place to live.

................THE END...............

## THE ANT AND THE GRASSHOPPER

One summer afternoon a grasshopper was hopping about in a field. He was singing merrily and enjoying the day. On his way, he met an Ant who was struggling to take a grain of corn to his nest.

The grasshopper was a lazy fellow. He thought he had nothing to do. So, when he saw the Ant he said, “Why don't you come and chat with me instead of toiling so hard?. We will have a great time".

"I am trying to collect and store food for the winter. I can't waste time being idle. I think you should start saving food for winter too, ” said the Ant.

The grasshopper yawned and said, “Winter is too far away. There is plenty of time. Why worry about it today when I have more than enough to eat!”

But the ant went on his way and continued to work hard. Days passed, then months. The grasshopper enjoyed himself and the Ant collected enough food for the winter.

When the winter came, the leaves had fallen and the grass was dry. The grasshopper had nothing to eat. It started to snow and he had nowhere to go. He thought he would die of hunger and cold. On the other hand, the Ant was enjoying the fruits of his hardwork. He had a nice and cozy home and plenty to eat. Then the grasshopper regretted not working hard when he should have.

***M. Lekshmi priya***
***Class : 8B***

(ഗുരുത്വം)

ഗുരുത്വം എന്ന വാക്ക് വെറും മൂന്ന് അക്ഷരം മാത്രമല്ല. പ്രത്യേകിച്ച് ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് ആ വാക്ക് വളരെ സുപ്രധാനമാണ്. ഗുരുത്വം ഇല്ലാത്ത ഒരു ജീവിതം നന്നല്ല. ഗുരുനാഥൻ നമ്മുടെ നന്മയ്ക്കായി നമ്മെ വഴക്കു പറയുകയും ശാസിക്കു കയും ഒക്കെ ചെയ്യും. എന്നാൽ അവർ നമ്മെ എന്തിനാണ് വഴക്ക് പറയുന്നതെന്ന് നാം മനസ്സിലാക്കണം. ഗുരുക്കന്മാരുടെ ഓരോ വാക്കും വേദങ്ങൾ ശ്രവിക്കും പോലെ സൂക്ഷ്മതയോടെ ശ്രദ്ധിക്കണം. അവയെ ഒരിക്കലും തള്ളിക്കളയരുത്. ഒരിക്കലും നാം അവരെ വെറുപ്പിക്കരുത്. ഗുരു നിന്ദയോളം വലിയ പാപം ഇല്ല. ഗുരുക്കന്മാർ ദൈവതുല്യരാണ്. എപ്പോഴും നാം ഗുരുക്കന്മാരുടെ വാക്കുകൾ പാലിക്കണം. നാം അവരെ ബഹുമാനിക്കണം. ഗുരുത്വം ഉണ്ടാവുക എന്നത് ഒരു അനുഗ്രഹമാ ണ്. അതു ലഭിച്ചിട്ടുള്ളവർക്ക് ജീവിതത്തിൽ ഉയർച്ചതന്നെ ഉണ്ടാകും. ഒരി ക്കലും ഗുരുനാഥനെ വെറുക്കരുത്. ഗുരുവിനെനിന്ദിക്കരുത്. അവരിൽനിന്ന് ലഭിച്ചിട്ടുള്ള വാക്കുകൾ നാം ശിരസ്സാവഹിക്കണം

**Aaron J Thomas**
**Class 8B**

ഒരു പട്ടണത്തിൽ എന്ന് പറയുന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു അവൾ വളരെ സാമർത്ഥയായിരുന്നു എന്നാൽ അവൾക്ക് കാലു വയ്യായിരുന്നു. ഉറങ്ങുന്ന നേരത്ത് അവൾ ഡാൻസ് കളിക്കുന്നതും ഓടുന്നതും എല്ലാം സ്വപ്നം കാണും എന്നാൽ രാവിലെ ഉണരുമ്പോൾ ഞാൻ മോഡ ആണല്ലോ എന്ന് ഓർത്ത് ദുഃഖിക്കും പറയുന്നതെല്ലാം അവൾ അനുസരിക്കും പച്ചക്കറികൾ കഴിക്കും ചെടികൾക്ക് വെള്ളം നനയ്ക്കും അതുകൊണ്ട് അവർ ഭാവികയെ ഒരുപാട് സ്നേഹിച്ചു മമ്മിയും ഡാഡിയും അവളെ സന്തോഷിപ്പിക്കാൻ പലതും ചെയ്യും കൊണ്ടുപോകും പാർക്കിൽ കൊണ്ടുപോകും പക്ഷേ ഭാവികക്ക് വിഷമമായിരുന്നു കാരണം അവൾക്ക് കൂട്ടുകാരിയായിരുന്നു അങ്ങനെ ഒരു ദിവസം ഭാവിക ഗ്ലാസ് റൂമിൽ ഇരുന്നു കൊണ്ട് പുറത്തു കളിക്കുന്ന കുട്ടികളെ നോക്കുകയായിരുന്നു ആ കുട്ടികളുടെ കൂടെ ഞാൻ കളിച്ചു നടക്കുന്നതായി അവൾ സ്വപ്നം കാണുന്നു അപ്പോൾ അവൾ വേഗം ടീച്ചറിന്റെ ശബ്ദം കേൾക്കുന്നത് ടീച്ചർ ബോർഡിൽ എഴുതി സ്പോർട്സ് ഡേ എന്ന് ടീച്ചർ പറഞ്ഞു കുട്ടികളെ നാളെ സ്പോർട്സ് ഡേ ആണ് എല്ലാം കുട്ടികളും പങ്കെടുക്കണം അപ്പോൾ ഒരു കുട്ടി പറയുകയാണ് എല്ലാ കുട്ടികളും പങ്കെടുക്കും. ഓടും പക്ഷേ ഭാവിക ഓടില്ല കാരണം അവൾ മുടന്തി അല്ലേ എന്ന് ആ കുട്ടി പറഞ്ഞു നമ്മൾ അവരെ കളിയാക്കി പറയരുത് കാരണം അവൾക്ക് എന്നെങ്കിലും നടക്കാൻ കഴിയുമെന്ന് ടീച്ചർ പറഞ്ഞു. സ്കൂൾ വിട്ടു വിഷമത്തോടെ ഭാവി സ്കൂൾ ഗ്രൗണ്ടിൽ എത്തി ആരുമില്ലായിരുന്നു ഭാവിക സങ്കടത്തോടെ കുറച്ചുനേരം കഴിഞ്ഞപ്പോൾ അവൾ കിള്ളികളുടെ ശബ്ദം കേട്ട് അവൾ ചുറ്റിനും നോക്കി പക്ഷേ അവിടെ ഒന്നും കിള്ളികൾ ഇല്ലായിരുന്നു അപ്പോഴാണ് അവൾക്ക് മനസ്സിലായത് ബെഞ്ചിന്റെ താഴെ നിന്നാണ് ശബ്ദം വരുന്നതെന്ന് അങ്ങനെ അവൾ കുനിഞ്ഞ് നോക്കി അവൾ ഒരു പ്രാവിന്റെ കുഞ്ഞ് ബെഞ്ചിന്റെ താഴെ കിടക്കുന്നു അപ്പോൾ അവൾ ആ കിളിയോട് പറഞ്ഞു നീ കൂട്ടിൽ നിന്ന് താഴെ വീണതാവാം നീ വാ നിന്നെ ഞാൻ സഹായിക്കാം എന്ന് ഭാവിക കിളിയോട് പറഞ്ഞു പ്രാവിൻ കുഞ്ഞിനെ അവൾ കൈയിലെടുത്തു ബെഞ്ചിൽ വെച്ചു എന്നിട്ട് ഭാവിക പറഞ്ഞു ഇനിയും നീ നിന്റെ വീട്ടിലേക്ക് പ്രാവിൻ കുഞ്ഞിനെ കണ്ടപ്പോൾ പ്രാവിന്റെ അമ്മയ്ക്ക് സന്തോഷമായി എന്നിട്ട് അമ്മ പ്രാവ് ഭാവിയോട് പറഞ്ഞു നീ വളരെ നല്ല കുട്ടിയാണ് നീ എന്റെ കുഞ്ഞിനെ സഹായിച്ചിരിക്കുന്നു ഞാൻ നിനക്ക് ഒരു സമ്മാനം തരാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു അമ്മ പ്രാവ് കൂട്ടിൽ നിന്നും ഒരു സ്വർണ്ണശോഭാവിക കൊടുത്തു അപ്പോൾ ഭാവിക പറഞ്ഞു എനിക്ക് നടക്കാൻ കഴിയില്ല അമ്മ പ്രാവ് പറഞ്ഞു ഇത് സാധാരണ നിനക്ക് നടക്കാനും ഓടാനും ഡാൻസ് കളിക്കാനും എല്ലാം കഴിയുമെന്ന് അപ്പോൾ അവൾ ആ സ്വർണ ഷൂ കാലിൽ അണിഞ്ഞപ്പോൾ അവൾക്ക് നടക്കാൻ കഴിഞ്ഞു അവൾ വളരെ അധികം സന്തോഷിച്ചുകൊണ്ട് അവൾ വീട്ടിലേക്ക് പോയി മകൾ നന്നായി നടക്കുന്നത് കണ്ട് മമ്മിയും ഡാഡിയും അതുപോലെതന്നെ മകളോട് ഡാഡി ചോദിച്ചു നിനക്ക് എങ്ങനെയാണ് ഇങ്ങനെ നടക്കാൻ കഴിയുന്നത് അവൾ എല്ലാ കാര്യവും പറഞ്ഞു. അടുത്ത ദിവസം സ്പോർട്സ് ഭാവിക ഓടിച്ചെന്നു സ്പോർട്സിൽ പങ്കെടുക്കുന്ന ഭാവികയെ കണ്ട് മറ്റു കുട്ടികൾ അത്ഭുതപ്പെട്ടു. പിന്നെ ഭാവി റൈസിൽ ഓടി മാന്ത്രിക കാരണം അവൾ ജയിച്ചു അമ്മ പ്രാവ് തന്നെ മാന്ത്രിക ഷൂ എന്ന സമ്മാനം ജീവിതത്തിൽ ഏറ്റവും വിലയുള്ള സമ്മാനമായി അതിനുശേഷം ഭാവിയുടെ കാലുകൾ ഒരിക്കലും തളർന്നിട്ടില്ല അവൾ ഓടി പിന്നെ ഡാൻസ് ചെയ്യും അതും അല്ല എല്ലാരും സഹായിക്കും അവൾ ദിവസവും അമ്മ പ്രാവിനെ പ്രാവും കുഞ്ഞിനെയും കാണാൻ പോകും അപ്പോൾ അമ്മ പ്രാവിനോട് ഭാവിക പറഞ്ഞു നന്ദി നീ എനിക്ക് തന്ന മാതൃക ജീവിതത്തിന്റെ ഏറ്റവും വിലപ്പെട്ടതായി എനിക്കിഷ്ടം ആരുടെയും സഹായമില്ലാതെ തന്നെ ജീവിക്കാൻ കഴിയും നടക്കാൻ കഴിയും ഓടാൻ കഴിയും ഡാൻസ് ചെയ്യാൻ കഴിയും ഇപ്പോൾ അവൾക്ക് കൂട്ടുകാരും ഉണ്ട്. ഇതാണ് പറയുന്നത് നമ്മൾ മറ്റുള്ളവരെ സഹായിക്കുമ്പോൾ നമുക്കും സഹായം ലഭിക്കുമെന്ന്

Anakha T.R
Class:8 B

## കഴിവുള്ള കുട്ടി

ഒരിക്കൽ ഒരിടത് ഒരു അച്ഛനും അമ്മയും മകളും താമസിച്ചിരുന്നു. വളരെ ദാരിദ്രർ ആയിരുന്നു അവർ. ഒരു ചെറിയ വാടക വീട്ടിൽ ആയിരുന്നു അവർ താമസിച്ചിരുന്നത്. അച്ഛൻ ഒരു കൂലി ജോലിക്കാരൻ ആയിരുന്നു. എങ്കിലും അവരുടെ മകളെ നല്ല രീതിയിൽ പഠിപ്പിക്കണം എന്ന് അവർ ആഗ്രഹിച്ചു, അതിനാൽ അവളെ നല്ല സ്കൂളിൽ വിട്ട് പഠിപ്പിച്ചു. വളരെ ദാരിദ്യം നിറഞ്ഞ സാഹചര്യത്തിലെ കുട്ടി ആയതിനാൽ അവളെ മറ്റുള്ള കുട്ടികൾ കളിക്കാനോ ഒന്നും കൂടെ കൂട്ടിയില്ല.. പക്ഷെ അവൾ അതൊന്നും കാര്യമായി എടുത്തില്ല, അവൾ അവരെക്കാൾ നന്നായി പഠിച്ചു. അതിൽ അവളുടെ അച്ഛനും അമ്മയും സന്തോഷിച്ചു. അവൾ വളരെ നല്ല കുട്ടി ആണെന്ന് അറിഞ്ഞു അവളുടെ ക്ലാസ്സ് ടീച്ചർ തന്നെ അവളുടെ പഠനത്തിനാവശ്യമായ എല്ലാ സഹായങ്ങളും അവർക്ക് ചെയ്തു കൊടുത്തു.. അവർക്ക് നല്ലൊരു വീടും അവർ അവൾക് നൽകി.. അവൾ പഠിച്ചു പഠിച്ചു ഡോക്ടർ ആയി. ഇതെല്ലാം കണ്ട് അവളുടെ കൂട്ടുകാർ എല്ലാം അവളോട് സന്തോഷത്തോടെ അടുത്ത് കൂടി.. അവൾ പഴയതൊന്നും മനസ്സിൽ വെക്കാതെ അവരോടൊപ്പം അവരോട് സ്നേഹത്തോടെ പെരുമാറി.. സ്നേഹം ആണ് മറ്റെന്തിനെക്കാളും വലുതെന്നു അവളെ അവളുടെ അച്ഛനും അമ്മയും പഠിപ്പിച്ചിരുന്നു.. ആ വാക്കുകൾ ഇപ്പോളും അവൾ പിന്തുടരുന്നു.. സ്നേഹം ആണ് അഖില സഗാരമൂഴിയിൽ..

**ലക്ഷമിനന്ദ ആർ**
**ക്ലാസ്സ് : VIII B**

## ഹൃദയനാട്

പ്രിയരെ,

ഉരുൾ വിരുങ്ങിയ ആ നാടിനേയും, നാട്ടുകാരേയും കണ്ണീരോടും, നൊമ്പരത്തോടും ഞാൻ ഓർക്കുന്നു. അതെ, വയനാട് ജില്ലയിലെ മുണ്ടക്കൈ ചൂരൽമല എന്നീ പ്രദേശങ്ങൾ ഒറ്റ രാത്രി കൊണ്ട് വിചനമായി എന്ന ആ ദുഃഖ വാർത്ത. നല്ലൊരു നാളെയെ സ്വപ്നം കണ്ട് ഉണരേണ്ട അവർ തന്റെ ഉറ്റവരും, ഉടയവരും, സ്വപ്നവും, സ്വന്തവുമെല്ലാം മണ്ണിനും, കല്ലിനും അടിയിലായി തീർന്ന ആ രാത്രി.

കേരള ജനത ഒട്ടാകെ പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ ഇല്ലാതെ തങ്ങളാൽ ആകും വിധം സഹായിക്കുകയും, കരുത്തലാകുകയും ചെയ്തു.



വയനാട് ദുരന്തത്തിൽ സ്വപ്നങ്ങളും, ജീവനും നഷ്ട്ടമായ മുതിർന്നവരും, കുട്ടികളും, അടങ്ങുന്ന എല്ലാവരെയും കണ്ണീരോടെ ഈ നിമിഷം ഞാനും, എന്റെ കൂട്ടുകാരും ഓർക്കുന്നു.

ഇനി വയനാട് ദുരന്തം പോലെയുള്ള ദുരന്തമോ, ഭൂദുരന്തങ്ങളും ഉണ്ടാകാതിരിക്കട്ടെ എന്ന് പ്രാർഥിക്കുന്നു, വിശ്വസിക്കുന്നു.

ഭവ്യ എസ് കാർത്തികേയൻ
ക്ലാസ്സ് : IX C

# ഉറക്കമില്ലാത്ത രാത്രികൾ

ഒരു ദിവസം രമ്യ വഴിയിലൂടെ നടന്നു പോവുകയായിരുന്നു. പെട്ടെന്ന് അവൾ ഒരു കാഴ്ച കണ്ടു, ഒരു പെൺകുട്ടി മരിച്ചു കിടക്കുന്നു അതിനോടൊപ്പം ഒരു സ്ത്രീയും അവൾക്ക് എന്ത് ചെയ്യണം എന്ന് അറിയാതായി പേടികൊണ്ട് അവൾ അവിടെ നിന്നു പോയി. അങ്ങനെ രാത്രി അവൾ ഉറങ്ങാൻ കിടന്നു പക്ഷേ അവൾക്ക് ഉറങ്ങാൻ കഴിയുന്നില്ല. കണ്ണടയ്ക്കുമ്പോൾ മരിച്ചു കിടക്കുന്ന പെൺകുട്ടിയുടെ മുഖമാണ് മനസ്സിൽ വരുന്നത്, അങ്ങനെ രണ്ടു ദിവസം നീണ്ടുപോയി അവളുടെ വിഷമം കണ്ട് അവളുടെ ഉറ്റ സുഹൃത്തായ രേവതിയോട് അവൾ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. പിറ്റേന്ന് അവൾ പത്രം എടുത്ത് നോക്കിയപ്പോൾ അന്ന് അവൾ കണ്ട ആ കുട്ടിയുടെ മരണവാർത്ത കണ്ടു.

പിന്നെ രമ്യയ്ക്ക് ഉറക്കമില്ലാതെ ആയി. അവൾ ആ കുട്ടിയെപ്പറ്റി അന്വേഷിക്കാൻ തുടങ്ങി. അവൾ അങ്ങനെ അന്ന് ആ ബോഡി കണ്ട സ്ഥലത്ത് പോയി. അവിടെ അവൾ ഒരു കത്തിയും തറയിൽ ചോരയും കണ്ടു. അങ്ങനെ അവൾ അതുവഴി നടക്കുന്നതിന്റെ ഇടയിൽ അവളെ ഒരു കൂട്ടം ആളുകൾ തട്ടിക്കൊണ്ടു പോയി , അവൾ പല പ്രാവശ്യം അവരുടെ അടുത്ത് ചോദിച്ചു നിങ്ങൾ ആരാണ് എന്ന് പക്ഷേ അവർ ഒന്നും പറയുന്നില്ല. അപ്പോഴാണ് അന്ന് ആ കുട്ടിയുടെ അടുത്ത് കണ്ട സ്ത്രീയെ അവിടെ വെച്ച് കണ്ടത് അപ്പോൾ അവരുടെ അടുത്ത് അവൾ ചോദിച്ചു അപ്പോഴാണ് അന്ന് കണ്ട പെൺകുട്ടിയുടെ കൂടെയുണ്ടായിരുന്ന സ്ത്രീയല്ലേ അപ്പോൾ അവർ പറഞ്ഞു, അതെ ആ പെൺകുട്ടിയെ കൊന്നതും ഞാൻ തന്നെയാണ് നിനക്ക് ഇതുമാത്രം അറിഞ്ഞാൽ പോരെ പക്ഷേ നീ ഇത് ആരോടും പറയരുത് പക്ഷേ ഞാൻ എങ്ങനെ നിന്നെ വിശ്വസിക്കും അതുകൊണ്ട് നിന്നെ ഞാൻ കൊല്ലുകയാണ്. അങ്ങനെ അവർ അവളെ കൊന്നു.

LEBANA REJI
CLASS : 8B

ഒരു ദിവസം ഒരു ചെറുപ്പക്കാരൻ ഒരു സന്ന്യാസിയുടെ അടുത്തെത്തി. ആ ചെറുപ്പക്കാരൻ സന്യാസിയോട് എന്നേ നിങ്ങളുടെ ശിഷ്യൻ ആകുമോ എന്ന് ചോദിച്ചു. അപ്പോൾ ആ സന്യാസി ഒരു കെട്ട് പുസ്തക താളുകൾ അവന്റെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു ഈ താളുകൾ എല്ലാം തുന്നി ഒരു പുസ്തകമായി മാറ്റിയാൽ നിന്നെ ഞാൻ എന്റെ ശിഷ്യൻ ആകാം. ആ ചെറുപ്പക്കാരൻ രാത്രി വരെ കഷ്ടപ്പെട്ട് അതെല്ലാം തുന്നി ഒരു പുസ്തകമായി മാറ്റിയെടുത്തു. പിറ്റേന്നു രാവിലെ തന്നെ ആ പുസ്തകവുമായി അവൻ സന്യാസിയുടെ അടുത്തെത്തി അദ്ദേഹം അത് വാങ്ങിച്ച് ഒരു ചോദ്യം അവനോട് ചോദിച്ചു. ഉത്തരമറിയാതെ അവൻ നിന്ന് പരുങ്ങി. ഇന്നലെ വരെ നിന്റെ കൈയിൽ ഉണ്ടായിരുന്ന പുസ്തക താളുകളിലെ ആദ്യ വരികളിൽ ഇതിന്റെ ഉത്തരം ഉണ്ടായിരുന്നു എന്ന് അദ്ദേഹം അവനോടു പറഞ്ഞു. ഇന്നലെ വരെ കൈയിൽ ഉണ്ടായിരുന്നിട്ടും നീ ഇത് വായിച്ചു പോലും നോക്കിയില്ലേ എന്ന് ചോദിച്ചു. അറിവിനോടുള്ള നിന്റെ ആഗ്രഹം വലുതായിന്നെങ്കിൽ നീ അത് വായിച്ചു നോക്കുമായിരുന്നു വിദ്യായോടുള്ള നിന്റെ താല്പര്യം ഇങ്ങനെയാണെങ്കിൽ എങ്ങനെ നിനക്കെന്റെ ശിഷ്യൻ ആകാൻ സാധിക്കും എന്ന് അദ്ദേഹം ചോദിച്ചു. എന്ത് പറയണമെന്നറിയാതെ അവൻ തല താഴ്ത്തി അവിടെ നിന്നു.

RYAN VARGHESE SHAJI
STD VIII B

## "കടലിൽ നിന്നൊരു സ്നേഹ സമ്മാനം"

മനുവിന്റെ പിറന്നാളിന് ഇനി വെറും രണ്ട് ദിവസംമേ ഉള്ളൂ അവൻ വളരെ സന്തോഷത്തിലാണ്. അവന്റെ ഇഷ്ട സമ്മാനമായ പന്ത് ആയിരുന്നു . അത് അവൻ അച്ഛൻന്നൊട് വാങ്ങിച്ച തരാൻ പറയേണം. അവൻ മനസ്സിൽ ഓർത്തു. അച്ഛൻ വരുന്നതും കാത്ത് ഉമ്മറത്ത് ഇരിപ്പായി അതാ ....അച്ഛൻ ....അവൻ സന്തോഷ ത്തോടെ അടുത്തേക്ക് ഓടി അച്ഛാ .... അച്ഛാ ....ഇത്തവണ അവന്റെ പിറന്നാളിന് എനിക്ക് ഒരു പന്ത് വാങ്ങിച്ച തരുമോ? അവന്റെ സന്തോഷമുള്ള മുഖത്ത് നോക്കി ഇല്ലെന്നു പറയാൻ അച്ഛന് കഴിഞ്ഞില്ല. അവനെ പതുക്കെ തലോടികൊണ്ട് പറഞ്ഞു. നമുക്ക് മേടിക്കാം. മനുവിന് സന്തോഷം അടക്കനായില്ല. അച്ഛന്റെ മുഖത്ത് നോക്കിയ അമ്മയ്ക്ക് വല്ലാത്ത സങ്കടമായി . ആ മുഖം വല്ലാത്ത അസ്വസ്ഥമാണ്. മനു അകത്തേക്ക് പോയപ്പോൾ അമ്മ ചോദിച്ചു! "എന്തിനാ അവനോടു വെറുതെ മേടിക്കാമെണ് പറഞ്ഞത്? കിട്ടിയില്ലെങ്കിൽ അവൻ വളരെ വിഷമിക്കും പണിയില്ലാതെ എങ്ങന്നെ വാങ്ങാനാ? നാളെ വയ്ക്കാൻ ഒരുമണി അരിപൊലും ഇല്ല അവന്റെ സന്തോഷം കണ്ടപ്പോൾ മറിചൊന്നും പറയാൻ തോന്നില്ല.
കടലമ്മ സഹായിച് എന്തെങ്കിലും ഒരു വഴിതെളിയും പറഞ്ഞു അച്ഛൻ പതിവ് പോലെ കടലിനരികിൽ ചെന്നിരുന്നു.പെട്ടെന്ന് ഒരു വലിയ തിര ഉയർന്നു പൊങ്ങി വെള്ളം പിതാവിന്റെ അടുത്തേക്ക് പാഞ്ഞു കയറി. തിരമാലകൾ ശാന്തമായി പെട്ടന്നതാ ഒരു പന്ത് കരയിൽ അടിഞ്ഞു കിടക്കുന്നു. അച്ഛൻ അത്ഭുതത്തോടെ പന്തിന്റെ അടുത്തേക്ക് ഓടിയടുത്തു .പന്ത് വാരിയെടുത്ത് സന്തോഷത്തോടെ കടലിലേക്കു നോക്കി കരഞ്ഞുകൊണ്ട് കടലമ്മയ്ക്ക് നന്ദി പറഞ്ഞു പന്തുമായി അച്ഛൻ വീട്ടിലേക്ക് ഓടി. മനുവിനെ വിളിച്ച് പന്ത് നൽകി. അത് കണ്ടതും മനു സന്തോഷത്തോടെ തുള്ളി ചാടി. അച്ഛൻ നടന്ന സംഭവങ്ങൾ എല്ലാം അമ്മയോട് പറഞ്ഞു. അവർ ദൈവത്തോട് നന്ദി പറഞ്ഞു.

JIYA ELSA VARGHESE
CLASS : 8B

## സൗഹൃദം

ഒരു ദിവസം സുന്ദരമായ ഒരു കാട്ടിൽ മാനും കാക്കയും എലിയും കുട്ടകാരായിരുന്നു അങ്ങനെ ഇരിക്കെ ഒരു ആമ ചോദിച്ചു എന്നെയും കുട്ടാമോ അവർ ഒരു മടിയും കൂടാതെ ആമയും അവരുടെ സൗഹൃദത്തിലേക്ക് കൂട്ടി. ഒരു ദിവസം പെട്ടെന്ന് ഒരു വേട്ടക്കാരന്റെ ആക്രമണം ഉണ്ടായി മൂന്നു പേരും അതിവേഗം രക്ഷപ്പെട്ടപ്പോൾ ആമക്കു വേഗം നിങ്ങാൻ കഴിഞ്ഞില്ല വേട്ടക്കാരൻ ആമയെ വലയ്ക്കുള്ളിൽ ആക്കി സുഹൃത്ത് അപകടത്തിൽ പെട്ടെന്ന് അറിഞ്ഞ മൂവർ സംഘം ഒരു പദ്ധതി തയ്യാറാക്കി വേടൻ പോയ വഴി കാക്ക കണ്ടെത്തി ആ മാൻ ചത്തതുപോലെ കിടന്നു ദൂരെ കിടക്കുന്ന മാനിനെ കണ്ട് വേട്ടക്കാരൻ ആമയെ ഉപേക്ഷിച്ചു വേട്ടക്കാരൻ ആ വഴിയിലേക്ക് പോയി എലി ഉടൻ വല കരണ്ട് മാനിനെ രക്ഷിച്ചു വേട്ടക്കാരൻ അടുത്തെത്തിയപ്പോൾ കുതിച്ചുചാടി അയാൾക്ക് അമ്പരന്നു നിൽക്കാനേ കഴിഞ്ഞുള്ളൂ. കൂടെ നിൽക്കാൻ ഒരാളുണ്ട് എന്നത് ഒരു പ്രതീക്ഷയാണ് അപകടത്തിൽ പെടുന്നവരെല്ലാം ഒറ്റപ്പെട്ട് പോകുന്നു എന്നതാണ് അപകടത്തെക്കാൾ വലിയ ദുരാവസ്ഥ ഇതുപോലുള്ള കൂട്ടുകാർ ആത്മബലത്തിന്റെ വിത്തുകൾ പാകുന്നവയാകണം ബന്ധങ്ങൾ തനിച്ചല്ല എന്ന തോന്നൽ ഉണ്ടാക്കുകയും തനിച്ച് നിൽക്കാനുള്ള പ്രാപ്തി പകരുകയും ചെയ്യുന്ന ബന്ധങ്ങൾ വളർച്ചയും പക്വതയും സമ്മാനിക്കുന്നു ഇനിയും വരുന്ന ഇതുപോലുള്ള കൂട്ടുകാർ പുതിയ തലമുറകളിലും വരട്ടെ

**------ANGEL THANKAM JACOB ------VIII C**

# മാന്ത്രിക പട്ടം

പട്ടത്തെക്കുറിച്ചുള്ള ഒരു ചെറുകഥ ഇതാ:

നൈപുണ്യമുള്ള ഒരു കരകൗശല വിദഗ്ധനായ എമ്മയുടെ മുത്തച്ഛൻ, ഒരു ചെറിയ, സങ്കീർണ്ണമായ രൂപകൽപ്പന ചെയ്ത പട്ടം അവൾക്ക് നൽകിയത് സൂര്യപ്രകാശമുള്ള ഒരു ഉച്ചയായിരുന്നു.

"ഇന്നാണ് അവളെ പറത്താൻ പറ്റിയ ദിവസം," അവൻ പുഞ്ചിരിയോടെ പറഞ്ഞു. മിനുസമാർന്ന മരവും ചടുലമായ നിറങ്ങളും അനുഭവിച്ച് പട്ടം എടുക്കുമ്പോൾ എമ്മയുടെ കണ്ണുകൾ വിടർന്നു. അത് ഉയരുന്നത് കാണാൻ അവൾക്ക് കാത്തിരിക്കാനായില്ല. അവർ ഒരുമിച്ച് അടുത്തുള്ള പാർക്കിലേക്ക് നടന്നു, കാറ്റ് മരങ്ങൾക്കിടയിലൂടെ മന്ത്രിച്ചു. എമ്മയുടെ മുത്തച്ഛൻ പട്ടം വിക്ഷേപിക്കാൻ അവളെ സഹായിച്ചു, അത് പെട്ടെന്ന് വായുവിലേക്ക് ഉയർന്നു. അവർ നോക്കിനിൽക്കെ, പട്ടം നൃത്തം ചെയ്തു, വളഞ്ഞു, വാൽ പിന്നിലേക്ക് ഒഴുകി. എമ്മ സന്തോഷത്തോടെ ചിരിച്ചു, അവളുടെ മുടിയിൽ കാറ്റ് അനുഭവപ്പെട്ടു.

പെട്ടെന്ന്, പട്ടം മുങ്ങി കുതിച്ചു, എമ്മയെ അനുഗമിക്കാൻ ആക്രോശിക്കുന്നതുപോലെ. അവൾ നിലത്തു നിന്ന് പൊങ്ങുന്നത് പോലെ ഒരു വിചിത്രമായ അനുഭൂതി അനുഭവപ്പെട്ടു. അവൾ അത് അറിയുന്നതിന് മുമ്പ്, എമ്മ പട്ടത്തിനൊപ്പം പൊങ്ങിക്കിടക്കുകയായിരുന്നു, കാറ്റ് അവളെ മറികടന്നു. അവൾക്ക് സ്വാതന്ത്ര്യവും ഉന്മേഷവും തോന്നി, ലോകം ഒരു ഭൂപടം പോലെ അവളുടെ മുന്നിൽ പരന്നു. എമ്മയും പട്ടവും ഒരുമിച്ച് പാർക്കിന് മുകളിലൂടെ കുതിച്ചുയർന്നു, മനോഹരമായ കാഴ്ചകൾ കണ്ടു. എമ്മയ്ക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു മാന്ത്രിക നിമിഷമായിരുന്നു അത്. സൂര്യൻ അസ്തമിക്കാൻ തുടങ്ങിയപ്പോൾ, എമ്മയുടെ മുത്തച്ഛൻ അവളെ പതുക്കെ നിലത്തേക്ക് നയിച്ചു. പട്ടം അവളുടെ അരികിലായി, മങ്ങിയ വെളിച്ചത്തിൽ അതിൻ്റെ നിറങ്ങൾ മൃദുവായി തിളങ്ങി. "നന്ദി, മുത്തച്ഛൻ," എമ്മ അവനെ മുറുകെ കെട്ടിപ്പിടിച്ചു. "അതായിരുന്നു എക്കാലത്തെയും അത്ഭുതകരമായ സാഹസികത."

അവളുടെ മുത്തച്ഛൻ പുഞ്ചിരിച്ചു, അവന്റെ കണ്ണുകൾ തിളങ്ങി. "എപ്പോൾ വേണമെങ്കിലും, എമ്മ. മാജിക് എല്ലായ്പ്പോഴും അവിടെയുണ്ട്, കണ്ടെത്താനായി കാത്തിരിക്കുന്നു

# ഭാഗ്യവാനായ രവി

കൃഷ്ണപുരി എന്ന ചെറിയ ഗ്രാമത്തിലായിരുന്നു രവി ജീവിച്ചിരുന്നത്. കൃഷ്ണപുരിയിൽ ഒരു ഹോട്ടൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ ഹോട്ടലിന്റെ ഉടമ ബാല ആയിരുന്നു. അയാൾ ഒരു മര്യാദയില്ലാത്ത ആളായിരുന്നു. രവി ബാലയുടെ കീഴിൽ ഒരു ഷെഫായി ജോലി ചെയ്യുകയായിരുന്നു. അപ്പുവും കിച്ചുവും വേറെ രണ്ട് സപ്ലയർമാരുണ്ടായിരുന്നു. ഒരു ദിവസം അപ്പുവും കിച്ചുവും ഹോട്ടലിൽ വന്നില്ല. അതുകൊണ്ട് എല്ലാ ജോലികളും രവി ഒറ്റയ്ക്ക് ചെയ്യണം. അപ്പോൾ രണ്ടുപേർ അവിടെ വന്ന് ഭക്ഷണം ഓർഡർ ചെയ്തു. രവി അത് വിതരണം ചെയ്തു. പക്ഷേ അയാൾ പതിവിലും കൂടുതൽ സമയം എടുത്തു, കാരണം ആ സമയത്ത് അവിടെ വേറെയും ധാരാളം കസ്റ്റമേഴ്സ് കാത്തിരിപ്പുണ്ടായിരുന്നു, അവർക്കും ഭക്ഷണം ആവശ്യമായിരുന്നു. ഇത് ശ്രദ്ധിച്ച ബാല അവനെ മറ്റുള്ളവരുടെ മുന്നിൽ വെച്ച് ശകാരിക്കുകയും രവിയെ ഈ ജോലിയിൽ നിന്ന് പിരിച്ചുവിടുകയും ചെയ്തു. തന്റെ ജോലി നഷ്ടപ്പെട്ടകാരണം രവി ഒരുപാട് വിഷമിച്ചു. അവന് വേറെ ജോലിയൊന്നും ചെയ്യാനറിയില്ല. അവന് ആകെ അറിയാവുന്നത് രുചികരമായ ഭക്ഷണം പാകം ചെയ്യാനായിരുന്നു. കുടുംബത്തെക്കുറിച്ചും ശൂന്യമായ ഭാവിയെക്കുറിച്ചും ചിന്തിച്ച് അയാൾ ബസ്സ്റ്റോപ്പിൽ ഇരുന്നു. അവന്റെ വീട്ടിൽ രണ്ട് പെൺമക്കളുണ്ടായിരുന്നു. ഭാര്യക്ക് ജോലി ഇല്ലായിരുന്നു. അയാൾക്ക് വേറെ വരുമാനം ഇല്ലായിരുന്നു. പെട്ടെന്ന് അയാൾ സ്വന്തമായി ഒരു റസ്റ്റോറന്റ് തുടങ്ങുന്നതിനെ കുറിച്ച് ചിന്തിച്ചു. അവന്റെ ഭക്ഷണത്തിന്റെ മികച്ച നിലവാരം കാരണം അവൻ അവിടെ പ്രൊപ്രൈറ്റർ-കം-മാനേജരായിരുന്നു. അവന്റെ കീഴിൽ ധാരാളം തൊഴിലാളികൾ ഉണ്ടായിരുന്നു. അവിടെ നിന്ന് നല്ല ലാഭം നേടി, പഴയ തൊഴിലുടമയായ ബാലയേക്കാൾ സമ്പന്നനായി. പിന്നെ ആളുകൾ അവനെ "ഭാഗ്യവാനായ രവി" എന്ന് വിളിക്കാൻ തുടങ്ങി.

Sreatha Sunil IX C

*Never let one failure from the past hold you back in the future:*

*As a man was passing the elephants, he suddenly stopped, confused by the fact that these huge creatures were being held by only a small rope tied to their front leg. No chains, no cages it was obvious that the elephant could, at anytime, break away from their bonds but for same reason, they did not.*

*He saw a trainer nearby and asked why these animals just stood there and made no attempt to get away. 'well' trainer Said, 'when theyare very young and much smaller we use the same size rope to tie them and, at that age, it's enough to hold them. As they grow up, they are conditioned to believe they cannot break away. They believe the rope can still hold them, so they never try to break free.'The man was amazed. These animals could at any time break free from their bonds but because they believed they couldn't, they were stuck right where they were.*

**Ann Mary Biju - VIII C**

One there were two friends squirrel and puppy.They used to live and play together.The squirrel was very sporty and always won the game. The puppy used to feel bad and thought that it was of on use. One day, it started raining heavily. The squirrel was in high spirits.He started doing antice but suddenly, lost his balance and fell in the rain water. He called his friend,the puppy for help. The puppy cams to his rescue.The squirrel climbed on its back and reached a safe place.He thanks his friend for saving his life.

.......THE END........

**AADRAJA R**
**CLASS : VIII B**

## *A little creative rabbit*

*Once upon a time in a small village, there lived a little rabbit named Rosie. Rosie loved to explore and go on adventures. One day, while wandering through the forest, Rosie stumbled upon a hidden garden filled with the most beautiful and colorful flowers she had ever seen. In the center of the garden was a magical tree with a door carved into its trunk. Rosie's curiosity got the best of her, and she opened the door. Inside, she found a magical room filled with books, paints, and musical instruments. A gentle voice whispered, "Welcome, Rosie. This is your own secret creative haven." Rosie spent hours in the treehouse, painting, playing music, and reading. From that day on, she visited the treehouse every day, and her creativity flourished. As the villagers noticed Rosie's incredible artwork and talents, they began to call her the "Little Creative Rabbit." And Rosie lived happily ever after, inspiring others with her imagination and creativity.*

*........THE END......*

**><><Gayathri. K.S - 8B><><**

## വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം

ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഒന്നാമത്തെ ദുരുപയോഗം എന്ന് പറയുന്നത് കുട്ടികളെല്ലാം ഇതിനെ അടിമയാണ്. ഇതുമൂലം കുട്ടികളുടെ വായന കുറയുന്നു. ഇന്നത്തെ കാലത്ത് വായന വളരെ കുറവാണ്. ഇതിനു പ്രധാന കാരണം മൊബൈൽ പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങളാണ്. ഇന്നത്തെ കാലത്തെ കുട്ടികൾ ദിനപത്രം പോലും വായിക്കുവാൻ ശ്രമിക്കുന്നില്ല. ഒരു ദിവസത്തിന്റെ പകുതിയിലേറെ സമയം അവർ മൊബൈൽ ചിലവഴിക്കുന്നു. പണ്ടത്തെ കുട്ടികളെപ്പോലെ ഇന്ന് കുട്ടികൾ കായിക വിനോദങ്ങളിൽ ഏർപ്പെടുന്നില്ല. അവർ പലപ്പോഴും ആശയവിനിമയം നടത്തുന്നതുപോലും മൊബൈൽ, ടാബ് പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയാണ്. ഇന്ന് ലോകത്തിൽ മൊബൈലിന്റെ ഉപയോഗം കൂടുതലാണ് പ്രത്യേകിച്ച് കുട്ടികളുടെ ഇടയിൽ. ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം ഇങ്ങനെ കൂടാൻ കാരണം കുട്ടികളല്ല അത് അവർക്ക് കൊടുക്കുന്ന മാതാപിതാക്കൾ ആണ് അവർ മൊബൈലിന് നിയന്ത്രണം വെച്ചിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു.

തുടർച്ചയായി മൊബൈലിൽ വീഡിയോ ഗെയിം കളിക്കുന്നത് മൂലം കുട്ടികളുടെ ബുദ്ധിപരമായ വളർച്ച കുറയുകയും, പല കുട്ടികളും ആത്മഹത്യയിൽ വരെ ചെന്ന് അവസാനിക്കുന്നു. ഇതു മൂലം ഹൈപ്പർ ആക്ടിവിറ്റി ഉണ്ടാകും. മൊബൈൽ ഫോൺ, ടാബ്, കമ്പ്യൂട്ടർ മുതലായവ കളിക്കുന്നതുമൂലം ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ റേഡിയേഷൻ നമ്മുടെ ശരീരത്തിൽലേക്ക് അടിക്കുകയും അത് ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യും. പുതിയ സാങ്കേതിക വിദ്യകൾ ലോകത്തിൻറ് വികസനത്തിന് ആവശ്യമാണ്. എന്നാൽ, ഇവയുടെ അമിത ഉപയോഗം ദോഷകരമാകുന്നതിന് ഉദാഹരണമാണിത്.

ഒറ്റ നിമിഷം കൊണ്ട് വിവരം നമ്മുടെ വിരൽത്തുമ്പിലെ ത്തിക്കുന്ന സാങ്കേതിക വിദ്യയാണ് എങ്കിലും നമ്മൾ അത് ദുരുപയോഗം ചെയ്യരുത്. നിയന്ത്രണം ഏർപ്പെടുത്തേണ്ടിയെടുത്ത് നമ്മൾ സ്വയം നിയന്ത്രിച്ചാൽ ഇതിൽനിന്നുള്ള മാരകമായ വിപത്തിൽ നിന്ന് നമ്മൾക്ക് സ്വയം രക്ഷനേടാൻ സാധിക്കും.

**ഏബിൾ എബ്രഹാം കുരുവിള**
VIII C

# ഓർമ്മകൾ

**ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങൾ സമ്മാനിച്ച ദിവസങ്ങൾ. പത്താം ക്ലാസിലെ വിനോദയാത്ര........**

**ഈ വിനോദയാത്ര സമയത്താണ് സൗഹൃദബന്ധങ്ങളും ഒത്തൊരുമയും വർദ്ധിച്ചത്.**

സെപ്റ്റംബർ 29 തീയതി രാവിലെ ഞങ്ങൾ വെളുപ്പിനെ ആറുമണിയോടു കൂടി സ്കൂളിൽ നിന്ന് പുറപ്പെട്ടു...

എല്ലാരും സീറ്റുകളിൽ കയറിയിരുന്നു. പിന്നീട് കുട്ടികളെല്ലാവരും ഡാൻസ് കളിക്കാൻ തുടങ്ങി. കുറച്ചു സമയമായപ്പോഴേക്കും ഞങ്ങൾ ഒരു സ്ഥലത്ത് രാവിലത്തെ ആഹാരം കഴിക്കാൻ ഇറങ്ങി. ആഹാരം കഴിച്ചതിനുശേഷം യാത്ര പിന്നെയും തുടങ്ങി......

ഉച്ച ആവാറായി ഞങ്ങൾ ഞങ്ങളുടെ ആദ്യത്തെ സ്ഥലമായ ഗുരുവായൂർ ആന കൊട്ടിലിൽ എത്തി. അവിടെ ധാരാളം ആനകളെ കണ്ടു. പിന്നീട് അവിടുന്ന് തിരിച്ചു. അതിനുശേഷം ഉച്ചക്കെത്തെ ആഹാരം കഴിച്ചു. പിന്നീട് വയനാട്ടിലേക്ക് എത്തി അവിടെ ഒരു റസ്റ്റോറന്റിൽ താമസിച്ചു.

പിറ്റേദിവസം വെളുപ്പിനെ 4:00 ആയപ്പോൾ ഞങ്ങൾ മൈസൂരിലേക്ക് പോയി.. സാൻഡ് മ്യൂസിയത്തിലെത്തി, അവിടെ മനോഹരമായ പല കാഴ്ചകൾ കണ്ടു. അതിനുശേഷം വൃന്ദാവൻ ഗാർഡനിലേക്ക് പോയി.. എന്തു മനോഹരമായ സ്ഥലം.. അതിനുശേഷം ഞങ്ങൾ അവിടുന്ന് ഡി ജെ പാർട്ടിക്കാണ് പോയത്.. ആഘോഷ തിമിർത്തു തന്നെയായിരുന്നു ഡിജെ പാർട്ടി.. അതിനുശേഷം അവിടുന്ന് മൈസൂരിൽ താമസിക്കുന്ന ഹോട്ടലിലേക്ക് തിരിച്ചു.. പിന്നീട് എല്ലാവരും ആഹാരം കഴിച്ചു .. പിറ്റേദിവസം രാവിലെ ഞങ്ങൾ മൈസൂർ പാലസ് കാണാൻ പോയി , വളരെ മനോഹരമായ ധാരാളം കാഴ്ചകൾ മൈസൂർ പാലസിൽ കണ്ടു, അതിനുശേഷം ഞങ്ങൾ ( snow )സ്നോ വേൾഡിലേക്ക് പോയി. എല്ലാവരും മഞ്ഞിലൊക്കെ കളിച്ചു ഭയങ്കര രസമായിരുന്നു ആ സ്ഥലം. പിന്നീട് ഞങ്ങൾ അവിടുന്ന് തിരിച്ചു താമസിക്കുന്ന സ്ഥലത്ത് ചെന്നു ആഹാരം കഴിച്ചു. തിരിച്ചു വീട്ടിലേക്ക് യാത്രതിരിച്ചു... ഒക്ടോബർ രണ്ടാം തീയതി വെളുപ്പിനെ ഞങ്ങൾ സ്കൂളിൽ എത്തി........

ടീച്ചേഴ്സിന്റെ സ്നേഹവും സുഹൃദ്ബന്ധങ്ങളുടെ ബലവും എല്ലാം മനസ്സിലാക്കി തന്നെ ഏറ്റവും മനോഹരമായ, ജീവിതത്തിലൊരിക്കലും മറക്കാൻ പറ്റാത്ത നിമിഷങ്ങൾ ആയിരുന്നു പത്താം ക്ലാസിലെ വിനോദയാത്ര.



**AKHILA CHANDRAN**
**X B**

## പ്രേത വീട്

ഒരു ഗ്രാമത്തിൽ ഒരു ആൾ താമസമില്ലാത്ത ഒരു വീടുണ്ടായിരുന്നു അവിടുത്തെ നാട്ടുകാർ പറയുന്നത് അവിടെ പ്രേതം ഉണ്ടെന്നായിരുന്നു. എന്നാൽ ആ ആൾ ത്താമസമില്ലാത്ത വീടിനടുത്ത് ഒരു ഗ്രൗണ്ട് ഉണ്ടായിരുന്നു അവിടെ അഭിഷേക്, അഭിമന്യു, അമൽ, ആകാശ് എന്ന് പറയുന്ന കുട്ടികൾ കളിക്കാൻ ആയിട്ട് വന്നിരുന്നു. അവർ അവിടെ ഫുട്ബോൾ കളിക്കുന്ന ഇടയിൽ പന്ത് ആ വീട്ടിലേക്ക് വീണു അഭിഷേകിനോട് അമൽ പറഞ്ഞു നീ ആ പന്ത് പോയി എടുത്തിട്ട് വരൂ എന്ന് ആ അഭിഷേക് പങ്കെടുക്കാനായി ആ വീട്ടിൽ പോയി അപ്പോഴാണ് അവൻ അവിടെ ഒരു രൂപം കാണുന്നത്. അപ്പം അഭിഷേക് ഓർത്തു ഈ വീട്ടിൽ ആരും ഇല്ലല്ലോ പിന്നെ എങ്ങനെ ഇവിടെ ആൾക്കാർ ഉള്ളത് എന്ന് അതൊന്നും കാര്യമാക്കാതെ അഭിഷേക് പന്ത് എടുക്കാനായി ആ വീടിന്റെ പുറകുഭാഗത്തേക്ക് പോയി. അപ്പോൾ അവൻ ഒരു ശബ്ദം കേട്ടു അഭിഷേക് അഭിഷേക് എന്ന് ആരോ വിളിക്കുന്നു അവൻ ആ ശബ്ദം കേട്ട ഭാഗത്തേക്ക് പോയി പക്ഷേ അവിടെ ആരുമില്ലായിരുന്നു അതൊന്നും കാര്യമാക്കാതെ അവൻ പങ്കെടുത്തു പോകുമ്പോൾ ആണ് വീണ്ടും ഒരു ശബ്ദം കേട്ടത്. അപ്പോൾ അവൻ ഓർത്തു എന്റെ കൂടെ പണ്ട് പഠിച്ച ആദിത്യൻ എന്ന് പറയുന്ന എന്റെ കൂട്ടുകാരനാണ് എന്ന്. അപ്പോൾ അഭിഷേക് ചോദിച്ചു നീ എന്താ ഇത്ര ദിവസമായിട്ടും കളിക്കാൻ വരാത്തതെന്ന് അവൻ പറഞ്ഞു എനിക്ക് വയ്യായിരുന്നു അതായിരുന്നു ഞാൻ കളിക്കാൻ വരാൻ പറഞ്ഞു അപ്പോൾ അഭിഷേക് ചോദിച്ചു നീ എന്താ ഇവിടെ എന്ന് ഞാൻ കടയിൽ പോയതായിരുന്നു പോന്നവഴിക്ക് ഞാൻ ഇവിടെ ചുമ്മാ കയറിയതാ ഒന്നും പറഞ്ഞു. അഭിഷേക് എന്ന് ഞാൻ പൂവ് കൂട്ടുകാർ അവരുടെ വെയിറ്റ് ചെയ്യുന്നുണ്ട് എന്ന് പറഞ്ഞു. അപ്പോൾ അമൽ അഭിമന്യുവിനോട് പറഞ്ഞു ഇത്ര നേരമായിട്ടും അഭിഷേകിനെ കാണുന്നില്ലല്ലോ സമയം സന്ധിയാകുന്നു. സന്ധ്യക്ക് നിക്കല്ലേ എന്ന് എന്റെ അമ്മ പറഞ്ഞായിരുന്നു ഇവിടെ നിക്കല്ലേ എന്ന് എന്റെ അമ്മ പറഞ്ഞു അങ്ങനെ അഭിമന്യു പന്ത് എടുത്തിട്ട് വന്നു വന്നുഎടുത്തിട്ട് വന്നു . അപ്പോൾ അമൽ പറഞ്ഞു നീ ഇത്ര നേരമായിട്ട് എവിടെ പോയിരിക്കുവായിരുന്നു എന്ന്. അപ്പോൾ അഭിഷേക് പറഞ്ഞു നമ്മുടെ കൂടെ പഠിച്ചുകളിച്ചു നടന്നിരുന്ന എന്റെ പ്രിയ കൂട്ടുകാരന് ഞാൻ കണ്ടു എന്ന്

Anakha T R

## അമ്മ

അമ്മയാണെൻ കൺകണ്ട ദൈവം
ആദ്യാക്ഷരമായി നാവിൽ കുരുത്തൊരുമന്ത്രം
പൊൻ മടിതട്ടിൽ മയങ്ങുമ്പോൾ എന്നുള്ളിൽ സ്നേഹമതെന്തോ
തുളുമ്പി നിറയുന്നു.
മാറിലെ ചൂടേറ്റ് ചാഞ്ഞ് കിടക്കുമ്പോൾ
ആദ്യത്തെ അമൃതേത്തായി എനിക്ക് നുകരുവാൻ
സ്നേഹത്തിൽ ചാലിച്ചൊരു പാൽക്കിണ്ണം തുളുമ്പിതന്നു
പിച്ചവെച്ചു നടന്നു കാലിടറുമ്പോൾ
സ്നേഹത്തിൽ കരങ്ങൾ നീട്ടി തരുന്ന
അമ്മയുടെ കരങ്ങൾ ചേർത്ത് പിടിച്ച്
പ്രകൃതിയുടെ വർണ്ണ
ഭംഗിയിലേക്ക് ആഴ്ന്നിറമ്പോൾ
കുഞ്ഞു മിഴികളിൽ ഒരായിരം പ്രകാശം
മിന്നി മിന്നി തിളങ്ങുന്നു
പള്ളികടത്തിന്റെ അങ്കണത്തിൽ
കുഞ്ഞിക്കാലുകൾ തൊട്ടിടുമ്പോൾ
ചെറുമിഴികൾ കണ്ണീരണിയിന്നു
അമ്മതൻ സ്നേഹ ചുംബനങ്ങളോട്
ചെറുചുണ്ടിൽ പുഞ്ചിരി വിരിയുന്നു

SREEHARI S
CLASS : 8B

# ആ മായാലോകത്ത്

സാറാ...എഴുന്നേൽക്ക് പത്ത് മണിയായി. പതിവ് പോലെ ലിൻ്റയുടെ ശബ്ദം കേട്ടാണ് ഞാൻ അന്നും രാവിലെ ഉണർന്നത്.ലിൻ്റ, അതെൻറെ സഹോദരിയൊന്നുമല്ല എൻ്റെ ആത്മാർത്ഥ സുഹൃത്ത്. ഓർമ വെച്ച നാൾ മുതൽ അവൾ എൻ്റെ അടുക്കൽ ഉണ്ട്.

അന്ന് ലിൻ്റാ അത്ര സന്തോഷത്തിൽ അല്ലായിരുന്നു. ഞാൻ കാര്യം തിരക്കി.

"ഞാൻ ഇവിടെ നിന്ന് പോകുവാ എൻ്റെ പപ്പയ്ക്ക് വേറെ ജോലി കിട്ടി. കുറച്ച് ദിവസങ്ങൾ കഴിഞ്ഞു ഞാങ്ങൾ അവിടേക്ക് മാറുവ"

അവൾ പറഞ്ഞു. ഇത്രയും നാളും എൻ്റെ എല്ലാ സാഹചര്യത്തിലും കൂടെനിന്ന അവൾ പെട്ടന്ന് ഒരു ദിവസം എന്നെ വിട്ട് പിരിയുകയാണെന്ന് അറിഞ്ഞപ്പോൾ എൻ്റെ ഉള്ള് ഒന്ന് പിടഞ്ഞു. ഒന്ന് കരയാൻ പോലും ആകാതെ ഞാൻ അവിടെ നിന്ന് പോയി.

കുറച്ച് ദിവസങ്ങൾക്ക് ശേഷം ഒരു ദിവസം വൈകിട്ട് ഏകദേശം ആറ് മണി ആയപ്പോഴേക്കും സാധനങ്ങൾ എല്ലാം പാക്ക് ചെയ്ത് അവൾ വണ്ടിയിൽ വെച്ചു. അവൾ ഓടി വന്ന് എന്നെ കെട്ടി പിടിച്ചു.ഞങ്ങൾ ഏറെ നേരം കരഞ്ഞു.അതിന് ശേഷം അവൾ വണ്ടിയിൽ കയറി.വണ്ടി നീങ്ങി തുടങ്ങി. ആ വണ്ടി എൻ്റെ കൺവെട്ടത്തുനിന്ന് മായുന്നതു വരെ നിറകണ്ണുകളോടെ ഞാൻ അതിനെ തന്നെ നോക്കി നിന്നു. അവൾ പോയപ്പോഴേക്കും വല്ലാത്ത ഒരു ഏകാന്തത എനിക്ക് അനുഭവപ്പെട്ടു,മനസ്സിന് വല്ലാത്തൊരു ഭാരവും. ആ പ്രയാസത്തിന് കുറച്ച് ദിവസങ്ങൾക്ക് ശേഷം അല്പമെങ്കിലും ഒരു ആശ്വാസം വന്നു. എങ്കിലും എൻ്റെ ഹൃദയത്തിൻ്റെ അടിത്തട്ട് മുഴുവനും അവളെ കുറിച്ചുള്ള ഓർമകളാൽ നിറഞ്ഞിരുന്നു.

അങ്ങനെ അവളില്ലാത്ത എൻ്റെ ജീവിതം തുടങ്ങിയിട്ട് ഏതാണ്ട് നാല് വർഷം പിന്നിട്ടിരിക്കുന്നു.ഇപ്പോഴും അവളുടെ കൂടെയുള്ള മനോഹര നിമിഷങ്ങളുടെ ഓർമ എന്നെ വല്ലാതെ അലട്ടുന്നുണ്ട്.എങ്കിലും ഒരു ദിവസം അവളെ എവിടെയെങ്കിലും വെച്ച് കാണാം എന്ന പ്രതീക്ഷ എനിക്കുണ്ടായിരുന്നു.

എന്നാൽ ആ വാർത്ത അറിഞ്ഞ് ഞാൻ ഞെട്ടിത്തരിച്ചു നിന്ന് പോയി.പതിവ് പോലെ ഞാൻ സ്കൂൾ വിട്ട് വന്നപ്പോൾ എൻ്റെ പപ്പ എന്നോട് വളരെ ഉത്കണ്ഠ യോടെ പറഞ്ഞു:

"ലിൻ്റയ്ക്ക് ഒരു അപകടം ഉണ്ടായി തലച്ചോറിനായിരുന്നു പരിക്ക്. ഡോക്ടർമാർ പരമാവധി ശ്രമിച്ചിട്ടും രക്ഷിക്കാൻ പറ്റിയില്ല.അവള് എന്നന്നേക്കുമായി ഈ ലോകത്തിൽ നിന്ന് മാറ്റപ്പെട്ടു."

ഞാൻ എന്ത് ചെയ്യണമെന്നറിയാതെ സ്തംഭിച്ചു നിന്ന് പോയി.എൻ്റെ ഉള്ളിൽ ഒരു മിന്നൽ അടിക്കുന്നത് പോലെ എനിക്ക് തോന്നി.എൻ്റെ കണ്ണ് അടഞ്ഞു. ഞാൻ പിന്നെ കണ്ണുതുറന്നു നോക്കിയപ്പോൾ ആശുപത്രിയുടെ കിടക്കയിൽ കിടക്കുന്നതാണ് അറിയുവാൻ സാധിച്ചത്.എങ്കിലും ഈ ആഘാതത്തിൽ നിന്ന് ഇതുവരെ എനിക്ക് മോചനം ലഭിച്ചില്ല.അങ്ങനെ കുറേ നാളുകളുടെ ചികിത്സയ്ക്ക് ശേഷം എൻെറ നില അല്പം സ്ഥിരപ്പെട്ടു എങ്കിലും മുഴുവനായും മോചനം കിട്ടില്ലായിരുന്നു. ഒരു ദിവസം വീടിൻറെ അടുത്തുള്ള മൈതാനത്തിൽ ഞാൻ ഒറ്റയ്ക്ക് ഇരിക്കുകയായിരുന്നു. അപ്പോൾ ലിൻ്റയുടെ ഓർമ്മ എന്നെ അല്ലാതെ അലട്ടിക്കൊണ്ടിരുന്നു. അപ്പോൾ അവിടെ ഇന്നുവരെ കാണാത്ത ഒരു വാതിൽ എൻറെ ശ്രദ്ധയിൽപ്പെട്ടു. ആകാംക്ഷയോടെ ഞാൻ ആ വാതിലിന്റെ ഉള്ളിലേക്ക് കടന്നു. ഉള്ളിൽ ചെന്നപ്പോഴേക്കും ആ വാതിലുകൾ അടഞ്ഞിരുന്നു. ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ ഒരു മനോഹരമായ പൂന്തോട്ടം, അവിടെ മാലാഖമാർ ചിറകടിച്ചു പറക്കുന്നു, ഒരു മായാലോകം പോലെ. ഉടനെ എൻറെ കാതുകളിൽ ഒരു ശബ്ദം പതുക്കെ മുഴങ്ങി. സാറാ..സാറാ.. അതെ ഇത് അവളുടെ ശബ്ദം തന്നെ! ലിൻ്റയുടെ! ഞാൻ വീണ്ടും കാതോർത്തു ആ ശബ്ദം ശ്രദ്ധിച്ചു. അവളുടെ ശബ്ദം വീണ്ടും എന്റെ കാതുകളിൽ ശക്തിയായി മുഴങ്ങി. സാറാ..എഴുന്നേൽക്ക് നമുക്ക് കളിക്കാം. ഞാൻ ഞെട്ടി ഉണർന്നു. അതെ! അതൊരു സ്വപ്നം ആയിരുന്നു.

D orcas Sarah Stanly
Std:8B

## ***മൂന്ന് യാത്രക്കാർ***

മരിയ എന്ന മിടുക്കിയായ പെൺകുട്ടി ഒരു മിൽ ഉടമയുടെ വീട്ടിൽ ജോലി ചെയ്യുന്നു. വീട്ടിലെ പ്രശ്നങ്ങൾ കാരണം അവൾ പഠനം നിർത്തി ജോലിക്ക് കയറി.
ഒരിക്കൽ മില്ലുടമയ്ക്ക് രാവിലെ എവിടെയോ പോകേണ്ട ആവശ്യം വന്നു. മില്ലുടമയ്ക്ക് ഭക്ഷണം തയ്യാറാക്കാനായി മരിയ പതിവിലും നേരത്തെ ഉണർന്നു. പുറത്തു നല്ല ഇരുട്ടും മഞ്ഞുമാണ്. അവൾ അടുക്കളയിലെത്തി തീ കത്തിക്കാൻ ശ്രമിച്ചു പക്ഷേ എത്ര ശ്രമിച്ചിട്ടും അടുപ്പിൽ തീ കത്തിയില്ല!
'ഹോ! ഇങ്ങനെയാണെങ്കിൽ സമയത്തിന് ഭക്ഷണം തയ്യാറാക്കാൻ പറ്റില്ല!' മരിയയ്ക്ക് പേടിയായി അവൾ വീണ്ടും വീണ്ടും ശ്രമിച്ചുകൊണ്ടിരുന്നു.
"സ്ർർർ......" പെട്ടെന്നതാ പുറത്തു നിന്ന് ഒരു ശബ്ദം!
മരിയ പുറത്തേക്കിറങ്ങി നോക്കി അവിടെ അതാ മൂന്ന് യാത്രക്കാർ ഒരു കൂടാരത്തിലിരുന്നു തീ കായുന്നു.
അവൾ അവരുടെ അടുത്തെത്തി ചോദിച്ചു: " ഞാൻ അല്പം തീക്കനൽ എടുത്തോട്ടെ? "
അവർ ഒന്നും പറഞ്ഞില്ല. മരിയ കുറച്ച് തീക്കനൽ ഒരു പാത്രത്തിലേക്ക് എടുത്ത് വീട്ടിലെത്തി.
"ശ്ശൂം....!" തീക്കനൽ അടുപ്പിൽ വീണതും തീ അണഞ്ഞു പോയി!
മരിയ വീണ്ടും തീക്കനൽ കൊണ്ടുവന്ന് അടുപ്പിലിട്ടു.
അതും അണഞ്ഞു.
പലതവണ ശ്രമിച്ചിട്ടും തീ കത്തിയില്ല. മരിയ നിരാശയോടെ മുറിയിലേക്ക് പോയി.
രാവിലെ ഭക്ഷണം കിട്ടാതെ അടുക്കളയിലെത്തിയ മില്ലുടമ ഞെട്ടിപ്പോയി. അതാ അടുപ്പിൽ നിറയെ സ്വർണ്ണനാണയങ്ങൾ!
അപ്പോഴേക്കും മരിയയും അവിടെയെത്തി. സ്വർണ്ണനാണയങ്ങൾ കണ്ട് അമ്പരന്ന മരിയ നടന്നതെല്ലാം മില്ലുടമയോട് പറഞ്ഞു.
"മരിയാ, നിൻറെ കഷ്ടപ്പാട് മനസ്സിലാക്കി മാലാഖമാർ നൽകിയ സമ്മാനമാണിത്," മില്ലുടമ പറഞ്ഞു. അയാൾ സ്വർണനാണയം മുഴുവൻ മരിയയ്ക്ക് നൽകി. കഷ്ടപ്പാടെല്ലാം മാറിയ മരിയ ജോലി നിർത്തി വീണ്ടും പഠിക്കാൻ തുടങ്ങി.

*****ബിയ മെറിൻ ജോജി VIII C*****

## മിടുക്കൻ മിട്ടു

ഒരു ദിവസം മിട്ടു എന്ന മുയൽ ഒരു മരച്ചോട്ടിൽ കിടന്നു ഉറങ്ങുകയായിരുന്നു പെട്ടന്ന് എന്തോ ഒരു സാധനം ദേഹത്തു തട്ടി ! മിട്ടു ഞെട്ടി ഉണർന്നു. അതാ ഒരു കല്ല് !. ഇതെവിടെനിന്നാ? മിട്ടു ചുറ്റും നോക്കി അപ്പോഴോ? ഒരു കരടികുട്ടൻ നിന്നും ചിരിക്കുന്നു! അവനാണ് കല്ലെറിഞ്ഞത്! മിട്ടു ഒന്നും മിണ്ടാതെ നടന്നു. കുറച്ചു കഴിഞ്ഞപ്പോൾ അതാ ഒരു കരച്ചിൽ! "അയ്യോ... രക്ഷിക്കണേ..!" 'കരച്ചിൽ കേട്ട സ്ഥലത്തെക്കു മിട്ടു ഓടിച്ചെന്നു. അവിടെയതാ, തേനീച്ചകളുടെ കുത്തുകൊണ്ട് വീർത്ത മുഖവുമായി ഇരികുകയാണ് കരടികുട്ടൻ ' മിട്ടുവിനു പാവം തോന്നി. "നീ വിഷമിക്കേണ്ട. " ഇതിനുള്ള മരുന്ന് എനിക്കറിയാം. "മിട്ടു ഓടിപോയി ഒരു പച്ചില മരുന്ന് മായി വന്നു. എന്നിട്ട് മുഖത്തു പുരട്ടി. അതോടെ കരടികുട്ടന്റെ വേദന മാറി. മിട്ടു പറഞ്ഞു. "എല്ലാവരെയും വെറുതെ ഉപദ്രവിച്ചു. നടന്ന നിന്നെ തേനീച്ചകളും ഉപദ്രവിച്ചു. " ഇനിയെങ്കിലും വികൃതി മതിയാക്കു. "കരടികുട്ടൻ സമ്മതിച്ചു. "

**ദേവനന്ദ എസ് VIII B**

# മനുഷ്യന്റെ ക്രൂരതകൾ

**********************************

ഒരിക്കൽ ഒരിടത്ത് ഒരു അമ്മയും മകനും താമസിച്ചിരുന്നു അവർ സിറ്റിയിൽ നിന്നും കുറച്ച് ദൂരെയുള്ള ഒരു ഗ്രാമത്തിലേക്ക് താമസം മാറി. വളരെ പ്രകൃതി രമണീയമായ ഒരു സ്ഥലത്തായിരുന്നു ആ ഗ്രാമം.

ആ അമ്മയുടെ മകന് പൂക്കളും ചെടികളും പറിച്ച് നശിപ്പിച്ചു കളയുകയും മൃഗങ്ങളെ ഉപദ്രവിക്കുകയും ചെയ്യുന്ന ശീലമുണ്ടായിരുന്നു. അങ്ങനെ ഒരു ദിവസം അവന്റെ അമ്മ വളരെ ഇഷ്ടത്തോടെ വളർത്തി വന്നിരുന്ന ഒരു ചെടി അവന്റെ കണ്ണിൽപ്പെട്ടു വളരെ മനോഹരമായ പൂക്കൾ ഉള്ള ആ ചെടി അവൻ പറിച്ച് നശിപ്പിച്ചു ഇത് കണ്ട് ആ അമ്മ അവിടേക്ക് വന്നു അമ്മ അവനെ ശകാരിച്ചു ആ കുട്ടി അവിടെ നിന്ന് കരഞ്ഞു അത് കണ്ട് ആ അമ്മയുടെ മനസ്സലിഞ്ഞ് അവനെ ചേർത്ത് പിടിച്ചു അവനെ മടിയിലിരുത്തി അവനോട് പറഞ്ഞു മോനെ നീ ചെയ്തത് വളരെ വലിയൊരു തെറ്റാണ് ഒരു ജീവന്റെ നാമ്പാണ് നീ ഇപ്പോൾ പറിച്ചെറിഞ്ഞത് ഈ ചെടികൾ നമുക്കും വളരെ ആവശ്യമാണ് മോനെ നാം ശ്വസിക്കുന്ന വായു ശുദ്ധികരിച്ച് തരുന്നത് ഈ മരങ്ങളാണ് നാം തിരിച്ച് പുറത്തേക്ക് വിടുന്ന കാർബൺ എന്ന വായുവിനെ അന്തരീക്ഷത്തിൽ നിന്ന് വലിച്ചെടുത്ത് ഒരു ചെടി അല്ലെങ്കിൽ മരം അതിന്റെ വളർച്ച നേടുന്നു അങ്ങനെ അവ സ്വീകരിച്ച് നമുക്ക് പൂക്കളും കായ്കളും, പഴങ്ങളും ഉണ്ടാകുന്നു പ്രകൃതിയെ സ്നേഹിക്കുന്നതിലൂടെ നമുക്ക് ഭൂമിയെ രക്ഷിക്കാനാകുമെന്നും അമ്മ പറയുന്നു .

മനുഷ്യർ ഭൂമിയോട് ചെയുന്നത് ക്ഷമ അർഹിക്കാത്ത തെറ്റാണ്. കുന്നുകൾ ഇടിച്ചുനിരത്തിയും, വനങ്ങൾ വെട്ടിത്തെളിച്ചും തീയിട്ടും നശിപ്പിച്ചും, വായുവും വെള്ളവും മലിനമാക്കിയും അവർ പ്രകൃതിയെ ചൂഷണം ചെയുന്നു. പക്ഷെ ഈ മനുഷ്യർ ഒന്നറിയുന്നില്ല ഈ ചെയ്യുന്നതിനെല്ലാം തിരിച്ചു അനുഭവിക്കേണ്ടതും ഇതേ മനുഷ്യർ തന്നെ ആണ് എന്ന്. ഇത് ചൂഷണം കാരണം ജല സ്രോതസുകൾ ഭൂമിയിൽ കുറഞ്ഞ് വരികയും ഭൂമിയുടെ പച്ചപ്പ് നഷ്ടപ്പെടുകയും മൃഗങ്ങൾക്കും പക്ഷികൾക്കും വംശനാശം സംഭവിക്കുകയും ചെയ്യും മരങ്ങൾ ഇല്ലാതാകുന്നതിലൂടെ ഭൂമിയിൽ കാർബൺ ഡയോക്സ്സൈഡിന്റെ അളവ് കൂടുകയും അതിലൂടെ സൂര്യനിൽ നിന്നുള്ള അൾട്രാ വയലറ്റ് രശ്മികളിൽ നിന്നും സംരക്ഷിക്കുന്ന ഓസോൺ പാളി തകരുകയും അൾട്രാ വയലറ്റ് കിരണങ്ങൾ ഭൂമിയിൽ പതിക്കുകയും ചെയ്യും ഇതിലൂടെ ആഗോള താപനവും കൂടാതെ മനുഷ്യർക്ക് മാറാരോഗങ്ങൾ പിടിപെടുകയും ചെയ്യും കൂടാതെ മഹാമാരികൾ ലോകത്തെ വിഴുങ്ങുകയും ചെയ്യും ഇത്രയും കാര്യങ്ങൾ ആ അമ്മ ആ മാമനോട് പറഞ്ഞു അവൻ അത് ക്ഷമയോടെ കേട്ടിരുന്ന ശേഷം ആ അമ്മയോട് പറഞ്ഞു അമ്മ ഞാൻ പഠിച്ചു ഒരു നിലയെത്തികഴിയുമ്പോൾ ഞാൻ മനുഷ്യർ ചെയ്യുന്ന ഈ തെറ്റുകളെ അവര്ക് മനസിലാക്കി കൊടുക്കുവാൻ ശ്രമിക്കും കൂടാതെ പ്രകൃതിയെ ഉപദ്രവിക്കാതെ അവയെ സംരക്ഷിക്കാൻ വേണ്ടി പ്രയത്നിക്കും എന്ന് അവൻ ആ അമ്മയോട് പറഞ്ഞു ഇത് കേട്ട് ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞു തന്റെ മകനെ ഓർത്തു ആ അമ്മ അഭിമാനം കൊണ്ടു.

**ആൻ മരിയ വിനോയ് VIII C**

## എന്റെ അച്ഛൻ

ഗുരുവിന്റെ ശുഭവസ്ത്രത്തിന്റെ വെൺമയാ
പ്രതലങ്ങളെല്ലാം നിറഞ്ഞ നേരം
ഒരു പൗർണ്ണമിന്നൽ തഴുകിത്തലോടി
നറുമണം ചേർന്നൊരാസുഖനിമിഷാ
ഒരു വെണ്ണിലാവിന്റെ ശുഭ്രവെൺമ പോലെ.....
ഒരു പിഞ്ചുപൈതലിൻ പൂമുഖം പോലെ.......
നിഷ്കളമായൊരു പുഞ്ചിരി തൂകി...
ചാരുകസേരയിൽ കാത്തിരുന്നു.
അച്ഛനെൻ ചാരത്തണഞ്ഞിരുന്നു
കൈയ്യിൽ ഒരു പൂച്ചെണ്ടുമായ് കാത്തിരുന്നു
എന്റെ അച്ഛൻ......എന്റെ അച്ഛൻ
എന്നേ ചേർന്നിരുന്നു....
അരികത്തു ചേർന്നിരുന്നെന്നേ ലോട്ടുമ്പോൾ
അനുരണനങ്ങളിലാത്മദാഹം......
മനസ്സിന്റെ മൗനദാഹങ്ങളോ കേട്ടില്ല
ജീവന്റെ യുൾവിളിയായ ദാഹം.....

ഇനിയെന്തുവേണമെന്നറിയുവാനൊരുവേള
അറിയാതെ ആ മുഖത്തൊന്നു നോക്കി
മൃദുലമായ് മൃദുലമായ് അച്ഛന്റെ ചുണ്ടുകൾ
മൊഴിയുന്ന മന്ത്രണംപോലെ ശബ്ദം
ഗുരു മാത്രം മതിയെനിക്കിനി
യാരും വേണ്ടെന്നു കേട്ടു ഞാൻ
കോരിത്തരിച്ചു പോയി....
ഗുരുമാത്രം മതി എനിക്കിനിയാരും വേണ്ട
എൻ കരളിലാ കുളിരലയൊഴുകിയെത്തി
കാതോർത്തു വീണ്ടു മാ വാക്കുകൾ കേൾക്കുവാൻ
ഒരു മഴയായി പുണർന്ന ശബ്ദം
ഗുരുശിഷ്യ ബന്ധത്തിലിഴചേർന്ന നൂലിഴ
അരുമയായറിയുന്ന സ്നേഹനാദം
ഒരു ജന്മസാഫല്യ ജീവനാദം
എന്റെ ഗുരു വിങ്കലണയുന്നൊരാത്മ നാദം
കൈകളിൽ തഴുകിത്തലോട്ടുമ്പോളായിരം

**ശ്രീലക്ഷ്മി ആർ VIII C**

## നോവേൽക്കുന്ന പ്രകൃതി

പ്രകൃതി, പ്രകൃതിയെക്കുറിച്ച് പറയാൻ ഒരു പാട് കാര്യങ്ങൾ ഉണ്ട്. കാരണം നമ്മുക്ക് ചുറ്റം പ്രകൃതിയുടെ മനോഹരമായ കാഴ്ചകളാണ് ഉള്ളത് എങ്കിലും നമ്മൾ മനുഷ്യർ തന്നെ പ്രകൃതിയെ നോവിക്കുന്നു ഇവിടെക്ക് വരുന്ന പുതിയ തലമുറകൾക്ക് ജീവിക്കാൻ പറ്റിയ ഒരു നല്ല കാലാവസ്ഥായും ഇന്ന് പ്രകൃതിക്കില്ല എന്ന് തന്നെ നമ്മുക്ക് കരുതാം, ഉദഹരണത്തിന്, പ്രകൃതി ക്ഷോപങ്ങൾ ഏറെയുണ്ട് നമ്മുടെ ഈ കെച്ചു കോരളത്തിൽ. തിരുവനന്തപുരത്തെ പാർവതി പുത്തനാറാണ് ഒന്നാമത്തെ മാതൃക പിന്നെ ആമയിഴഞ്ചാൻ തോട് ഇങ്ങനെ ഏറെ തേട്ടംപുഴയും ഉണ്ട് പിന്നെ വെയിസ്റ്റ് കൊണ്ട് റോഡ് വരെ തിങ്ങി നിറഞ്ഞു കിടക്കുന്ന നമ്മുടെ കെച്ചിയും ഇങ്ങനെ ഒരായിരം വർഷങ്ങൾ കൂടി കഴിഞ്ഞിട്ടുമ്പോൾ നമ്മുടെ അമ്മയാകുന്ന ഭൂമി , പ്രളയമായും, സുനാമിയായും, ഭൂചലനമായും, കെടും കാറ്റായും പ്രകൃതി പ്രതികാര താണ്ഡവം ആടി കൊണ്ടിരിക്കുന്നു. അതിന്റെ തുടർകഥയായും മനുഷ്യന്റെ അത്യാഗ്രഹത്തിന്റെയും ബലിയാടാകുന്നത് പാവം കുട്ടികൾ. വീതിയുള്ള റോഡിനെ തന്റെ സ്വത്ത് കൂടാനായി വളവുകളും, ചരിവുകളും, ഉണ്ടാക്കുന്നു അതിലൂടെ അപകടങ്ങളും മരണങ്ങളും ഉദാഹരണങ്ങൾ ഏറെ :-
കളർകോട് : നമ്മുടെ ഭാവിയിലെ അഞ്ചു ഡോക്ടർമാരുടെ ജീവനെടുത്തു തെട്ടടുത്ത ദിവസം തന്നെ പാലക്കാട്, കരിമ്പയിൽ മൂന്ന് സ്കൂൾ വിദ്യാർത്ഥിനികൾ മരണമടഞ്ഞു അങ്ങനെ നിരവധി അപകടങ്ങൾ.....
പ്രകൃതിക്കു വോണ്ടി നമ്മുക്ക് മുന്നേറാം.....

**..........അനന്യ രാജീവ് VIII C..........**

# The Enchanted Forest

The enchanted forest were the one of the most unique forest in the world. Which is also know as magical forest.

They were fairy's, magical animals and fountains.

The enchanted forest which is an advengeours Forest place to visit and has many special things to see but there is also have dangerous things and animals, and fairy's.

Once upon a time there were a small village near the enchanted forest there were villagers lived in that village. One day there were a family came to visited the village which was so beautiful.There were one men, woman and there chlidern. The chlidern name was Joey and Lavender. Joey was there eldest son and lavender wea his sisterand there father and mother name was Lucaus and Ariana. Once they were walking through the village the father, mother and there elder son was walking in the front of lavender. Eventually lavender saw a flower she went to plung it up and get back she didnt see her parents. She was so worried and she went ont the rong direction. But her parents didn't realised she was missing. When her brother turn around and then he realise she was missing so he inform to his parents they search everywhere but didn't see lavender they were so worried about he and it was turning to night. Sometimes later lavender was going in the rong direction and the path were led toThe enchanted forest. She reached to the enchanted scared. What she saw was amazed her The forest forest was shining like a diamond and the magical animals were roaming around there. Her eyes looks so precious seeing the forest that she didn't seen in entire life. When she enter the forest some animals cane to cuddle with her which the animals looks so beautiful as a rainbow and she plays with them sometimes. But the parents were so worried that she was alive or not. The police were searching for the girl in the village. While the girl has having some fun in the forest and it became night the enchanted forest were glowing in the dark and trees were full of glowing insect. But some dangerous fairy's came to look for the person than enter the forest without their permission they knew that someone one enter their place so that made them angry.The fairy's looks so ugly like black haired with scary looking eyes and without no legs but the have wings it looks like a web of spider.The girl was walking through the forest sge spotted the angry fairy's. She was so sacred. She was only 5yrs old she was a kid. Because the fairy's looks so bad so she immediately hide beside the tree accidentally she step on a rock so that made tje fairy's to find her so she immediately ran from them but they have wings so the they can catch her easily and the fairy's caught lavender. When the fairy's trys to kill her from nowhere a arrow came and knock the fairy down. She was amazed. Suddenly all the fairy's knell down and lavender was amzed again and she saw a light coming towards her and she was so scared. While the brother and her parents was so sad because they didn't notice lavender while walking. At that same time police were looking for the girl. Then what she saw was amazed her again. And she cried about seeing this. A White blond hair with a shining eyes with a beautiful wings and it was a beautiful fairy. The girl ask 'who are you'

The fairy replied 'I am the queen of the enchanted forest '.The queen said that 'lavender you have one wish to ask me do you want a wish'queen said to lavender. Lavender said 'yes'she ask 'what is your name ' 'my name is queen Hazel' lavender said i have to see my parents 'queen said 'ok'

So the queen teleported the girl.back to her parents. And the they see the **girl happly. And she said this before they live the village'Thank you queen Hazel' and she said all the things that happen to her in the enchanted forest and they live the village with joyful.**

**By:-**
**S Arundhadi Thankachi**
From class :-8B

# CLASS X STUDY TOUR 2024 -25











# THE FIRST GUIDES UNIT OF BALIKAMATOM HSS ATTENDED RAJYA PURASKAR



# JUNIOR RED CROSS UNIT 2024 - 25



# HIGHER SECONDARY BLOCK



## CAMPUS














**SERAH PONNU DANIEL - VI B**



**MAYOOKHA M.K - IX C**



**BILHA JAIN JOJI - CLASS IX**




**MAALAVYA M K - CLASS IX**



**MAALAVYA M K - IX**



**PRASHOB P NAIR -IX C**



# ROBO FEST

2024-25 അധ്യയന വർഷത്തിൽ balikamatom സ്കൂളിൽ little kites-ന്റെ ആഭിമുഖ്യത്തിൽ Robofest സംഘടിപ്പിച്ചു. 2025 February 21ന് സ്കൂളിൽ സംഘടിപ്പിച്ച ഫെസ്റ്റിൽ ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് ശ്രീമതി. ഷൈനി ഡേവിഡ് ഉദ്ഘാടനം ചെയ്തു.

ഈ ഫെസ്റ്റിൽ Animation show, games, Ardinokit ഉപയോഗിച്ച് signal light പ്രദർശനം, poster display, Exibition of Robotic devices എന്നിവ UP, HS വിഭാഗത്തിലെ കുട്ടികളെയും അദ്ധ്യാപകരെയും കാണിച്ചു. കുട്ടികൾക്ക് വളരെ വിജ്ഞാനപ്രദമായ ഒരു പ്രദർശനം തന്നെയായിരുന്നു.



















# *ANNUAL DAY FUNCTION 2025*



**വിരമിക്കുന്നവർ**

**ശ്രീമതി സിസി മിനി അലക്സ്**

*(എച്ച്. എസ്.എസ്.ടി. ബോട്ടണി)* (1998 – 2025)

വളഞ്ഞവട്ടം ഈസ്റ്റ് ഇട്ടിയംപറമ്പിൽ ശ്രീ. പി.കെ. അലക്സാണ്ടറിന്റെയും ശ്രീമതി പി.സി. അമ്മിണിയമ്മയുടെയും മകൾ.1998-ൽ ബാലികാമഠം ഹയർസെക്കണ്ടറി സ്കൂളിൽ ബോട്ടണി അദ്ധ്യാപികയായി സേവനം ആരംഭിച്ചു.

ജീവിതപങ്കാളി: വളഞ്ഞവട്ടം തൈക്കടവിൽ മറ്റം ശ്രീ. മാത്യൂസ്. ജി. വറുഗീസ്.

മക്കൾ: മോനിക്കാ മറിയം മാത്യൂസ്, ഐഡ ആൻ മാത്യൂസ്

**ശ്രീമതി റെനി മാത്യു**

*(യു.പി.എസ്. ടി.)* (1996 – 2025)

ചെങ്ങന്നൂർ അങ്ങാടിക്കൽ കമ്മാറായിൽ ഡെയ്സി കോട്ടേജിൽ പരേതനായ ശ്രീ. മാത്യു വർഗീസിന്റെയും ശ്രീമതി ആച്ചിയമ്മ മാത്യുവിന്റെയും മകൾ. 1996ൽ ബാലികാമഠം സ്കൂളിൽ അദ്ധ്യാപികയായി സേവനം ആരംഭിച്ചു.

ജീവിതപങ്കാളി: ചെറുവക്കൽ വലിയവീട്ടിൽ Rev. Fr. Y. Thomas (ചെങ്ങന്നൂർ ഭദ്രാസനം)

മക്കൾ: ജിം. ജോൺ തോമസ് (എറണാകുളം), ചാർലി മാത്യു തോമസ് (എഞ്ചിനിയർ, കൽക്കട്ട), ദയ റെയ്ച്ചൽ തോമസ് (എഞ്ചിനിയറിംഗ് വിദ്യാർത്ഥിനി), ദിയ സൂസൻ തോമസ് (എഞ്ചിനിയറിംഗ് വിദ്യാർത്ഥിനി), മരുമകൾ: രേഷ്മ ആൻ വർഗീസ് (യു.എസ്.എ).

**ശ്രീമതി മേരിക്കുട്ടി മാത്യു**

*(യു.പി.എസ്.ടി)* (1997 – 2025)

മല്ലപ്പള്ളി അയിരൂത്രയിൽ അദ്ധ്യാപകരായിരുന്ന ശ്രീ. എ.പി. മത്തായിയുടെയും ശ്രീമതി മേരിക്കുട്ടി വർഗീസിന്റെയും മകൾ. 1997-ൽ ബാലികാമഠം സ്കൂളിൽ അദ്ധ്യാപികയായി സേവനം ആരംഭിച്ചു.

സഹോദരങ്ങൾ: ശ്രീ. മാത്യു പീറ്റർ, ശ്രീ. മാത്യു വർഗീസ്.

@ bethany tvla

**ബാലികാമഠം**
**ഹയർ സെക്കണ്ടറി സ്കൂൾ**
തിരുമൂലപുരം, തിരുവല്ല

**105–ാമതു വാർഷികവും**
**യാത്രയയപ്പു സമ്മേളനവും**

തീയതി :
2025 ഫെബ്രുവരി 14 വെള്ളി
രാവിലെ 10 മണി മുതൽ
സ്ഥലം :
മറിയം മാത്തൻ മെമ്മോറിയൽ ഹാൾ

**മുഖ്യാതിഥി:**

അഭി. ഡോ. സഖറിയാസ്
മാർ അപ്രേം മെത്രാപ്പോലീത്താ












ബാലികാമഠം ഹയർ സെക്കൻഡറി സ്കൂൾ
സ്കൂൾ വാർഷികാഘോഷം
ഏവർക്കും സ്വാഗതം


ബാലികാമഠം ഹയർ സെക്കൻഡറി സ്കൂൾ
സ്കൂൾ വാർഷികാഘോഷം
ഏവർക്കും സ്വാഗതം



# നന്ദി

വൈബ് 25 എന്ന ഡിജിറ്റൽ മാഗസിന്റെ താളുകൾ അവസാനിക്കുമ്പോൾ ഇതിനായി പ്രവർത്തിച്ച കുട്ടികൾക്കും അവരുടെ സർഗാത്മക രചനകൾക്കും അധ്യാപകരുടെ അനുഗ്രഹ സന്ദേശങ്ങൾക്കും ഒപ്പം പ്രവർത്തിച്ച എല്ലാവർക്കും ഒരായിരം നന്ദി.

